## അല്ലാഹുവിന്റെ വചനം

لَقَدۡ کَفَرَ الَّذِیۡنَ قَالُوۡۤا اِنَّ اللّٰہَ ثَالِثُ ثَلٰثَۃٍ ۘ وَ مَا مِنۡ اِلٰہٍ اِلَّاۤ اِلٰہٌ وَّاحِدٌ ؕ وَ اِنۡ لَّمۡ یَنۡتَہُوۡا عَمَّا یَقُوۡلُوۡنَ لَیَمَسَّنَّ الَّذِیۡنَ کَفَرُوۡا مِنۡہُمۡ عَذَابٌ اَلِیۡمٌ (المائدۃ: 74)

‘അല്ലാഹു മൂവരിൽ മൂന്നാമനാണ്’എന്നു പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. വാസ്തവത്തിൽ ഒരേയൊരു ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലതന്നെ. തങ്ങൾ പറയുന്നതെന്തോ അതിൽനിന്ന് അവർ വിരമിക്കാത്ത പക്ഷം അവരിൽനിന്ന് അവിശ്വാസികളായ ആളുകൾക്ക് വേദനാജനകമായ ശിക്ഷ വന്നെത്തുകതന്നെ ചെയ്യും.(5:74)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ആഗസ്റ്റ് 19/ഹി.ശം. 1400 ളുഹൂർ 19/1443 മുഹർറം 9


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ആധുനിക ശാസ്ത്ര ഗവേഷണങ്ങളിൽ പ്ലേഗിന്റെ കാരണം കൃമികളോ സൂക്ഷ്മാണുക്കളോ ആണെന്ന് സ്ഥാപിതമായിരിക്കുന്നു. ഞാനും ഗവേഷണങ്ങളെ ഇഷ്ടപ്പെടുന്നു. കാരണം അതുമുഖേന നബി(സ)തിരുമേനിയുടെ മഹത്ത്വവും ഇസ്ലാമിന്റെ സത്യവും സ്ഥാപിതമാകുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ആധുനിക ശാസ്ത്ര ഗവേഷണങ്ങളിൽ പ്ലേഗിന്റെ കാരണം കൃമികളോ സൂക്ഷ്മാണുക്കളോ ആണെന്ന് സ്ഥാപിതമായിരിക്കുന്നു. ഞാനും ഗവേഷണങ്ങളെ ഇഷ്ടപ്പെടുന്നു. കാരണം അതുമുഖേന നബി(സ)തിരുമേനിയുടെ മഹത്ത്വവും ഇസ്ലാമിന്റെ സത്യസാക്ഷ്യവും സ്ഥാപിതമാകുന്നു. ഹദീഥ് ശരീഫിൽ ഇതിനെ കുറിച്ച് പറഞ്ഞിടത്ത് 'നഗ്ഫ്' എന്നാണ് പേരു വെക്കപ്പെട്ടിട്ടുള്ളത്. ആടിന്റേയോ ഒട്ടകത്തിന്റേയോ മൂക്കിൽനിന്ന് പുറത്തു വരുന്ന കീടങ്ങൾക്കാണ് 'നഗ്ഫ്' എന്നു പറയുന്നത്. അത് പ്ലേഗ് എന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈയിടെ നടക്കുന്ന ഗവേഷണങ്ങളിൽ വലിയ അഭിമാനം കൊള്ളുന്നു. എന്നാൽ, പരിശുദ്ധമായ ഇസ്ലാമിന്റെ സ്ഥാപകൻ അലയ്ഹിസ്സ്വലാത്തുവസ്സലാമിന്റെ പരിശുദ്ധ ഗ്രന്ഥം വായിച്ചിട്ടുള്ളവർക്ക് എത്രമാത്രം സന്തോഷവും ആനന്ദവുമാണ് ഉണ്ടാകുന്നത്; 13 നൂറ്റാണ്ടുകൾക്ക് മുമ്പേ ആ മഹാത്മാവിന്റെ ചുണ്ടുകളിൽനിന്ന് ഇക്കാര്യങ്ങൾ പുറത്തുവരുന്നത് കാണുമ്പോൾ! വിശുദ്ധ ഖുർആനും അതിനെ കീടങ്ങൾ എന്നുതന്നെയാണ് പറയുന്നത്. ഇപ്പോൾ ആധുനിക ഗവേഷണത്തിൽ മുഴുകിയിരിക്കുന്നവരേ! അല്ലാഹുവിനുവേണ്ടി അല്പം നീതിപൂർവം പെരുമാറുക. ഇത്തരത്തിലുള്ള യാഥാർഥ്യങ്ങൾ കാലേകൂട്ടി പറഞ്ഞിട്ടുള്ള ഈ മതം മനുഷ്യൻ കറ്റുകെട്ടി പറഞ്ഞതാകുമോ? അത് 1300 വർഷത്തെ അത്യധ്വാനത്തിന്റേയും ഗവേഷണങ്ങളുടേയും പ്രയാസങ്ങളുടേയും ഫലമാകുമോ? ഇത് വിശുദ്ധ ഖുർആനിന്റേയും നമ്മുടെ നബി(സ)തിരുമേനിയുടേയും ബൗദ്ധികമായ ദിവ്യാത്ഭുതങ്ങളാണ്. നോക്കു ഹൃദയത്തിന് 'ഖൽബ്' എന്നാണ് പറയുന്നത്. ചലിപ്പിക്കുന്നവനും 'ഖൽബ്' എന്നു പറയുന്നു.

രക്തചംക്രമണമാണ് ഹൃദയത്തിന്റെ അച്ചുതണ്ട്. ഇക്കാലത്ത് ഗവേഷണങ്ങൾ ദീർഘകാലത്തെ അധ്വാനത്തിനും വിചിന്തനത്തിനുംശേഷം രക്തചംക്രമണത്തിന്റെ കാരണം കണ്ടു പിടിച്ചിരിക്കുന്നു. എന്നാൽ, ഇസ്ലാം ആദ്യമെതന്നെ ഹൃദയത്തിന്റെ പേര് 'ഖൽബ്' എന്നു വെച്ചുകൊണ്ട് ഇതേ സത്യം സ്ഥാപിക്കപ്പെട്ടതും സുരക്ഷിതവുമാക്കി.” *(മൽഫൂദാത്ത് വാല്യം 1, പേജ് 236 - 237, പ്രസാധകർ ഖാദിയാൻ 2018)*

## നബി(സ)യുടെ സാരോപദേശം:

### സ്ദഖയുടെ പ്രോത്സാഹനവും അതിന്റെ ശ്രേഷ്ഠതയും.

(1416) ഹദ്റത്ത് അബൂമസ്ഊദ് അൻസ്വാരീ(റ) നിവേദനം. നിബ(സ) തിരുമേനി ഞങ്ങളോടു സ്വദഖ നല്കാൻ കല്പിച്ചാൽ ഞങ്ങളിൽ ചിലർ അങ്ങാടിയിലേക്ക് പോകും. അവിടെനിന്ന് ചുമടേറ്റികിട്ടുന്ന ഒരുമുദ്ദ് ധാന്യം കൊണ്ട് വന്ന് സ്വദഖ കൊടുക്കും. ഇന്നാകട്ടെ നബി(സ)തിരുമേനിയുടെ അനുചരന്മാരിൽ ചിലരുടെ കൈയിൽ ഓരോരോ ലക്ഷം (ദീനാർ) തന്നെയുണ്ട്.

(1417) ഹദ്റത്ത് അദിയ്യ്(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: ഒരു കാരക്കയുടെ കഷണമെങ്കിലും ദാനം ചെയ്ത് നിങ്ങൾ നരകത്തെ സൂക്ഷിക്കുവിൻ.

(1418) ആഇശാ(റ) നിവേദനം. ഒരു ദിവസം ഒരു സ്ത്രീ രണ്ടു പെൺകുട്ടികളുമായി ഭിക്ഷ യാചിച്ചു വന്നു. ഒരു കാരക്കയല്ലാതെ മറ്റൊന്നും തന്നെ അവൾ എന്റെ അടുക്കൽ കണ്ടില്ല. ഞാൻ അത് അവൾക്കു നല്കി. അവൾ അത് രണ്ടു കുട്ടികൾക്കും ഭാഗിച്ചു കൊടുത്തു. അവൾ അതിൽനിന്ന് ഒന്നും തിന്നിന്നില്ല. അവൾ പോയുടനെ നബി(സ) തിരുമേനി കടന്നുവന്നു. ഞാൻ ഈ വിവരം നബിയോടു പറഞ്ഞു. അവിടന്ന് പറഞ്ഞു: വല്ലവനും ഈ പെൺകുട്ടികൾ മൂലം പരീക്ഷണവിധേയനായി എങ്കിൽ അവർ അവർ അന്ന് നരകാഗ്നിയിൽ ഒരു മറയാണ്. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*

## ഏതൊരു അല്ലാഹുവാണോ നിങ്ങളെ ജീവനില്ലാത്ത അവസ്ഥയിൽനിന്ന് ജീവിനുള്ള അവസ്ഥയിലാക്കുകയും പിന്നീട് ജീവൻ നല്കിയതിനുശേഷം മരണം നല്കുകയും ചെയ്യുന്നത് അവനെക്കുറിച്ച് ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കുകയില്ലെന്ന് കരുതുന്നത് ബുദ്ധിക്കു വിരുദ്ധമാണ്.

സൂറത്തുൽ ബഖറ ആയത്ത് 29, **കയ്ഫ തക്ഫുറൂന ബില്ലാഹി വ കുൻതും അംവാത്തൻ ഫ അഹ്യാക്കും ഥുമ്മ യുമീത്തുക്കും ഥുമ്മ യുഹ്യീക്കും ഥുമ്മ ഇലയ്ഹി തുർജഊൻ** എന്നതിന് നില്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: ഈ ആയത്തിൽ ഏതൊരു അല്ലാഹുവാണോ നിങ്ങളെ ജീവനില്ലാത്ത അവസ്ഥയിൽനിന്ന് ജീവനുള്ള അവസ്ഥയിലാക്കുകയും പിന്നീട് ജീവൻ നല്കിയതിനുശേഷം മരണം നല്കുകയും ചെയ്യുന്നത് അവനെക്കുറിച്ച് ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കുകയില്ലെന്ന് കരുതുന്നത് ബുദ്ധിക്കു വിരുദ്ധമാണെന്ന് പറയപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ ജീവിതം കിട്ടുമെന്നാണെങ്കിൽ അതിനുവേണ്ടി തയ്യാറാക്കാൻ ഏതെങ്കിലും സന്മാർഗവും അവന്റെ പക്കൽനിന്ന് തീർച്ചയായും വരേണ്ടതാണ്. ഇത് എത്രമാത്രം സാധാരണവും സൂക്ഷ്മവുമായ തെളിവാണ്. ജീവനില്ലാതെ കിടന്ന ഒന്നിന് ജീവൻ നല്കേണ്ട ആവശ്യം അല്ലാഹുവിനെന്താണുള്ളത്? പ്രത്യേകമായ ലക്ഷ്യംമൊന്നും അവനില്ലായിരുന്നെങ്കിൽ ബുദ്ധിയും വിവേകവുമുള്ള ഒന്നിന് ജീവൻ നല്കി മരിപ്പിച്ചതെന്തിന്? ഇഹലോകത്തെ സന്തോഷവും സമാധാനവുമാണ് മനുഷ്യന് വിധിക്കപ്പെട്ടിരുന്നതെങ്കിൽ പിന്നെ ഇത്രമാത്രം ദീർഘമായ കാലത്തിനുശേഷം ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെ ഉണ്ടാക്കി അവനെ മരണത്തിന്റെ സ്വാദ് രുചിപ്പിച്ചതെന്തിനാണ്?; ആ മരണത്തിനുശേഷം മറ്റൊരു ജീവിതം നല്കാൻ ഉദ്ദേശ്യമില്ലായിരുന്നെങ്കിൽ! മരണത്തിനുശേഷം ഖബ്റിലെ ശിക്ഷയൊന്നുമില്ലെന്നും അഥവാ ഉണ്ടെങ്കിൽത്തന്നെ സ്വർഗനരകങ്ങളുമായുള്ള ബന്ധമായിരിക്കുമെന്നും വിചാരിക്കുന്നവർക്കുള്ള ഖണ്ഡനവും ഈ ആയത്തിലുണ്ട്.കാരണം ഇതിൽ അഞ്ചു കാലഘട്ടത്തെ കുറിച്ചാണ് പറയുന്നത്. ഒന്ന് ജീവനില്ലാതിരുന്ന കാലം. രണ്ട് ഇഹലോകജീവിതത്തിന്റെ കാലം. മൂന്നാമത്തേത് ശാരീരികമായ മരണത്തിന്റെ കാലം. നാല് പിന്നീടൊരു പുതിയ ജീവിതത്തിന്റെ കാലം. അതിനുശേഷം മനുഷ്യൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുന്ന കാലം. അതായത് മരണത്തിനുശേഷം പുനരുഥാന ജീവിതം. ജീവിതത്തിനുശേഷം ഥുമ്മ എന്ന പദം വെച്ചുകൊണ്ട് ഇലയ്ഹി തുർജഊൻ എന്നു പറഞ്ഞിട്ടുള്ളതും പറയുന്നത് മരണം കഴിഞ്ഞാലുടനെ ഒരു തരത്തിലുള്ള ജീവിതം കിട്ടുന്നുവെന്നാണ്. എന്നാൽ, പുനരുഥാനം പിന്നീടാണുണ്ടാകുന്നത്. പുനരുഥാനത്തിനു മുമ്പേ കിട്ടുന്ന ജീവിതത്തിൽ എന്തെങ്കിലും സൽപെരുമാറ്റമോ ദുഷ്പെരുമാറ്റമോ മനുഷ്യനിൽനിന്ന് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ ആ ജീവിതത്തിന് ഒരു അർഥം തന്നെയില്ല. സൽപെരുമാറ്റമോ ദുഷ്പെരുമാറ്റമോ ഉണ്ടാകുകയാണെങ്കിൽ പുനരുഥാനത്തിനു മുമ്പേയും ഒരു അപൂർണമായ പ്രതിഫലവുമുണ്ടാകുമെന്നും മനസ്സിലാകുന്നു. അതിനെയാണ് ഖബ്റിലെ രക്ഷാ ശിക്ഷാ എന്നു പറയുന്നത്. അത് നബി(സ) തിരുമേനിയുടെ ഹദീഥുകൾകൊണ്ട് സ്ഥാപിതമാണ്. വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം വ്യക്തമായ നിലയിൽ ഈ ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പറയുന്നു: **അന്നാറു യുഅ്റളൂന അലയ്ഹാ ഗുദുവ്വൻ വ്വഅശിയൻ വ യൗമ തഖൂമുസ്സാഅത്തു അദ്ഖിലൂ ആല ഫിർഔന അശദ്ദൽഅദാബ്**(40:47) നരകം! അതായത് ഫിർഔനിന്റെ ജനതയെ രാവിലേയും വൈകുന്നേരവും അതിന്റെ അടുത്തുവരെ കൊണ്ടുപോയി കാണിക്കും. ഖിയാമത്തുന്നാൾ വരുമ്പോൾ ഫിർഔനിന്റെ അനുയായികളെ കഠിന ശിക്ഷയിൽ കടത്തുക എന്ന് പറയപ്പെടും. ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നരകത്തിൽ പ്രവേശിക്കുന്നതിനുമുമ്പേ ഫിർഔനിന്റെ ആളുകൾക്ക് ശിക്ഷ കിട്ടിക്കൊണ്ടിരിക്കുമെന്നാണ്. വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ട നേരത്തും കിട്ടിക്കൊണ്ടിരുന്നു.

(തഫ്സീറെ കബീർ, വാല്യം 1, പേജ് 265 - 266, പ്രസാധകർ ഖാദിയാൻ 2010)

❊❊❊❊


**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**


**ഈ ലക്കത്തിൽ**


ഖുത്വ്ബ 2021 ജൂലായ് 16 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

*മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.*

اِنَّ السُّمُوْمَ لَشَرُّ مَا فِی الْعَالَمِ ۞ شَرَّ السُّمُوْمِ عَدَاوَۃُ الصُّلَحَاءِ

## കറാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തിന് തത്തുല്യമായത് കൊണ്ടുവന്നാൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ആയിരം രൂപ ഇനാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ആ മഹാത്മാവിന്റെ ആദരണീയരായ സ്വഹാബത്തിനേയും നിരക്ഷരരെന്നും അജ്ഞരെന്നും മുദ്രകുത്തി മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി പ്രചരിപ്പിക്കാനുദ്ദേശിച്ച കാര്യം കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ പറഞ്ഞിരുന്നു. വിഡ്ഢികളുടെ ജമാഅത്തെന്ന് അവിടത്തെ ജമാഅത്തിന് അയാൾ പേരിട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് മുഹമ്മദു ഹുസയ്നെഴുതി: 'അറബിജ്ഞാനങ്ങൾ ഒട്ടും തീണ്ടിയിട്ടില്ലാത്ത നിരക്ഷരകുക്ഷിമാത്രമാണ് ഇയാൾ. അറബിയുടെ ഒരു സ്വീഗ(പട്ടിക)പോലും നല്ലവണ്ണം ചൊല്ലാനറിയുകയില്ല.' സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'തന്റെ നല്ലവരും പരിശുദ്ധരുമായ ദാസന്മാർക്ക് അല്ലാഹു വിശുദ്ധ ഖുർആനിന്റെ ജ്ഞാനം പ്രദാനം ചെയ്യുന്നു.' അതുകൊണ്ട് അവിടന്ന് മുഹമ്മദു ഹുസയ്ൻ ബട്ടാലവിയെ വിശുദ്ധ ഖുർആനിന്ന് തഫ്സീറെഴുതി മത്സരിക്കാൻ ക്ഷണിച്ചു. തഫ്സീറിനോടൊപ്പം നബി(സ)തിരുമേനിയെ പുകഴ്ത്തിക്കൊണ്ടുള്ള നൂറു വരികളടങ്ങിയ ഒരു ഖസ്വീദയും(അർച്ചനാഗീതം)സാഹിത്യസമ്പൂർണമായ നിലയിൽ രചിക്കാനും പറയികയുണ്ടായി. ആ മഹാത്മാവ് പറഞ്ഞു: 'ഈ മത്സരത്തിൽ മുഹമ്മദു ഹുസയ്ൻ വിജയിച്ചാൽ ഞാനെന്റെ തെറ്റ് ഏറ്റുപറയുന്നതായിരിക്കും. ഏതുതരം ശിക്ഷയും ഏല്ക്കാനും തയ്യാറായിരിക്കും.' പക്ഷേ, മുഹമ്മദു ഹുസയ്ൻ ബട്ടാലവി വിവിധതരത്തിലുള്ള തന്ത്രങ്ങൾ മെനഞ്ഞും അനാവശ്യമായ നിബന്ധനകൾ വെച്ചും മത്സരത്തിൽനിന്ന് പിന്തിരിഞ്ഞോടി.

### മൗലവി മുഹമ്മദുഹുസയ്ൻ ബട്ടാലവിയുടെ നാണംകെട്ട ഒഴികഴിവ്

മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി മത്സരത്തിൽനിന്ന് പിന്തിരിഞ്ഞോടുന്നതിന് മെനഞ്ഞെടുത്ത് തന്ത്രങ്ങൾ ഇതാണ്: 'ഈ മത്സരത്തിനു മുമ്പേ, 'ദാഫിഉൽവസാവിസ്' എന്ന ഗ്രന്ഥത്തിലെ അറബി വാക്യങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾ സ്ഥാപിക്കുന്നതായിരിക്കും. അതുപോലെതന്നെ 'ഫത്ഹെ ഇസ്ലാം' 'തൗളീഹെ മറാം'എന്നീ ഗ്രന്ഥങ്ങളിലുള്ള അവിശ്വാസങ്ങളുടേയും(കുഫ്ർ)മതത്യാഗത്തിന്റേയും വാക്യങ്ങളും സമർപിക്കുന്നതായിരിക്കും. അപ്രകാരംതന്നെ 85 ചോദ്യത്തിന് മറുപടി ആവശ്യപ്പെടുന്നതായിരിക്കും. അത് മിർസാ അഹ്മദ് ബേഗ് ഹോശിയാർപൂരിയുടെ മരണത്തെ സംബന്ധിച്ച് നാം 1893 ജനുവരി 9 ന്, 20-ാം നമ്പർ കത്തിൽ എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. തുടർന്ന് താങ്കൾക്ക് ജ്യോതിഷവിദ്യ അറിയില്ലേ? ജഫ്ർ, റമൽ, മെസ്മിരിസം തുടങ്ങിയവയെ കുറിച്ച് വിവരമില്ലേ? തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുന്നതായിരിക്കും. പിന്നീട് മറുപടികൾക്കുള്ള മറുപടിയിലും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ മറുപടിക്കുള്ള മറുപടി പരമ്പരയായി തുടർന്നുകൊണ്ടുപോകുന്നതായിരിക്കും. പിന്നീട് താങ്കൾക്കെതിരിൽ അറബി ഭാഷയിൽ തഫ്സീർ എഴുതുന്നതിന് താങ്കൾ 'മുൽഹമും''മുഅയ്യിദും'ആണെന്നതിനുള്ള തെളിവും ചോദിക്കുന്നതായിരിക്കും. അതായത് അറബിഭാഷയുടെ ജ്ഞാനംകൊണ്ട് മുൽഹമാകുക എങ്ങനെ സ്ഥാപിതമാകാനാണ്. തുടർന്ന് താങ്കൾ 'മുൽഹമും''മുഅയ്യിദും'ആണെന്നതിനു എന്തെങ്കിലും തെളിവ് അവതരിപ്പിക്കേണ്ടതുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം പരിഹാരമായിക്കഴിഞ്ഞാൽ പിന്നെ അറബിഭാഷയിൽ തഫ്സീറെഴുതാനും ഖസ്വീദകൾ രചിക്കാനുമുള്ള മത്സരം നടക്കുന്നതായിരിക്കും. ഇല്ലെങ്കിൽ ഇല്ല.*(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 64)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹവുമായി കൂടുതൽ സംസാരിക്കുന്നത് പാഴ്വേലയായി മനസ്സിലാക്കി. എന്നിട്ടും ഒരിക്കൽകൂടി ന്യായപൂർത്തി വരുത്തുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നതിനുംവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ സംബോധന ചെയ്തു. കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തെ നേരിടാൻ ക്ഷണിച്ചു. അവിടന്ന് പറഞ്ഞു: ഒന്നാമതായി അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള യാഥാസ്ഥിതികത്വം കണ്ടിട്ട് അദ്ദേഹത്തെ എന്നെന്നേക്കുമായി അവണിക്കാനാണ് ഞാൻ വിചാരിക്കുന്നത്. പക്ഷേ, പൊതുജനങ്ങളുടെ ഈ തെറ്റായധാരണകൾ അകറ്റുന്നതിനുവേണ്ടി മിയാൻ മുഹമ്മദു ഹുസയ്ൻ ബത്വാലവിയിലും, അല്ലെങ്കിൽ സാഹിത്യശാസ്ത്രത്തിലും ദൈവഗ്രന്ഥത്തിന്റെ യാഥാർഥ്യങ്ങൾ അറിയുന്നതിലും പ്രഗത്ഭരെന്ന് പറയുന്ന ഈ 'പുണ്യാത്മാവിന്റെസമചിന്താഗതിക്കാരായ മറ്റു ശത്രുമൗലവിമാരിലും ഒരു വട്ടംകൂടി ന്യായപൂർത്തിവരുത്തുക എന്ന നിലയിൽ, ബത്വാലവി സാഹിബിന്റേയും അദ്ദേഹത്തിന്റെ സമചിന്താഗതിക്കാരായ മറ്റു ഉലമാഇന്റേയും അറബി പാണ്ഡിത്യത്തിന്റേയും യാഥാർഥ്യങ്ങൾ തിരിച്ചറിയുന്നതിന്റേയും വസ്തുത പ്രകടിപ്പിക്കുന്നതിനുംവേണ്ടി അവസാനമെന്നോണം ഈ ലഘുലേഖപ്രസിദ്ധീകരിക്കുകയാണ്.(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 47)

### മത്സരത്തിന്റെ വിശദീകരണവും നിബന്ധനയും ആയിരംരൂപ ഇനാമും

മത്സരത്തിന്റെ വിശദീകരണവും നിബന്ധനകളും പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഈ ലഘുലേഖയിൽ നാലുഖസ്വീദകളും ഫാതിഹാ സൂറത്തിന്റെ ഒരു തഫ്സീറുമുണ്ടു. ഒരാഴ്ചയ്ക്കുള്ളിലാണ് ഇത് എഴുതിയിട്ടുള്ളത്. എന്നല്ല കുറച്ചു മണിക്കൂറുകൾക്കുള്ളിലാണെന്നതാണ് വസ്തുത. പക്ഷേ, ബത്വാലവി സഹിബിന്റേയും അദ്ദേഹത്തിന്റെ സമചിന്താഗതിക്കാരായ എതിരാളികളുടേയുംമേൽ ന്യായപൂർത്തി ഉദ്ദേശിച്ച് തികച്ചും ഒരു മാസം നല്കിക്കൊണ്ട് മതനിയമമനുസരിച്ചുള്ള ഈ സമ്മതപത്രം പ്രസിദ്ധീകരിക്കുകയാണ്. ഈ ലഘുലേഖ പ്രസിദ്ധീകരിച്ച് ഒരു മാസംകൊണ്ട് ഇത്രന ഖണ്ഡിച്ച് അതിലുള്ളത്ര അറബി കവിതകളും യാഥാർഥ്യങ്ങളും ഈശ്വരീയജ്ഞാനങ്ങളും സൂറ ഫാതിഹയുടെ വ്യാഖ്യാനവുമടങ്ങിയ തന്റെ സാഹിത്യസമ്പുഷ്ടമായ ലഘുലേഖ ഞാനെഴുതിയതുപോലെ പ്രസിദ്ധീകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന് 1000 രൂപ ഇനാം നല്കുന്നതായിരിക്കും. ഇതിനു തയ്യാറാകുന്നില്ലെങ്കിൽ താൻ സാഹിത്യകാരനും അറബിഭാഷാ പണ്ഡിതനും അല്ലെങ്കിൽ വിശുദ്ധ ഖുർആനിലെ യാഥാർഥ്യങ്ങൾ അറിയുന്ന ആളുമാണെന്ന വാദം ഇനിമുതൽ പൊള്ളയായിരിക്കുന്നതാണ്.' *(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 46)*

### കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥരചനയുടെ യഥാർഥ കാരണം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹുവാണ!ഞാൻ ഈ ലഘുലേഖ താങ്കളുടെ അഹങ്കാരത്തെ തകർക്കുന്നതിനും തങ്കളുടെ അഹന്തയുടെ ജ്വാലകളെ അണയ്ക്കുന്നതിനുംവേണ്ടിയാണ് രചിച്ചിട്ടുള്ളത്......നീതിമാന്മാരുടെമേൽ താങ്കളുടെ അറിവിന്റെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താനാണ് ഞാനുദ്ദേശിക്കുന്നത്. ഈ ഉദ്ദേശ്യത്തിനുവേണ്ടി ഞാനെന്റെ ആവനാഴിയിൽനിന്ന് അമ്പെടുത്തിരിക്കുകയാണ്. വിവരണശക്തിയുടെ മുത്തുകൾകൊണ്ട് ഞാനെന്റെ ഉദ്ദേശ്യം പൂർത്തിയാക്കിയിരിക്കുന്നു. അതിനാൽ താങ്കൾ മത്സരിക്കുകയും ഇതുപോലുള്ള ഗ്രന്ഥം കൊണ്ടുവരികയും ചെയ്താൽ ഞാൻ താങ്കൾക്ക് 1000 രൂപ ഇനാം നല്കുന്നതായിരിക്കും. വിജയിച്ചാൽ 20 രൂപ അധികവും നല്കുന്നതായിരിക്കും......എന്നാൽ, ഞാൻ അത്ഭുതപ്പെടുകയാണ്. താങ്കൾ ദീനീപരമായ ജ്ഞാനങ്ങളൊന്നും തീണ്ടിയിട്ടില്ലാത്തവനും അഹങ്കാരിയും നാണംകെട്ടവനുമാണ്. തഖ്‌വാ ശീലരായ ആളുകളുടെ വഴിയിൽ നടക്കുന്നില്ല. താങ്കളെ കുറ്റവാളിയാക്കുന്നതിനും താങ്കളുടെ വായടപ്പിക്കുന്നതിനും എന്നെ നിയോഗിച്ചയച്ച ആ സത്തയെക്കൊണ്ടു സത്യം! എന്റേയും താങ്കളുടേയുമിടയിൽ തീരുമാനം കല്പിക്കാനും കള്ളവാദിയുടെ തന്ത്രങ്ങളെ ദുർബലപ്പെടുത്താനും ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ അപേക്ഷിച്ചു.' *(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 42)*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഈ ഖസ്വീദകളും ഈ തഫ്സീറും പൊങ്ങച്ചം കാണിക്കാനോ ഡംഭ് പ്രകടിപ്പിക്കാനോ എഴുതപ്പെട്ടിട്ടുള്ളതല്ല. പ്രത്യുത അദ്ദേഹത്തിന്റെ പക്കൽ ഈ വിനീതൻ കറ്റുകെട്ടുകാരനും ദജ്ജാലും അജ്ഞനും വിശുദ്ധ ഖുർആനിന്റെ ജ്ഞാനം ലവലേശം തീണ്ടിയിട്ടില്ലാത്തവനുമാണ്. അവരാണെങ്കിൽ വലിയ ഉന്നതരായ മതപണ്ഡിതന്മാരാണെന്നുള്ള വാദക്കാരുമാണ്. അതുകൊണ്ട് മിയാൻ ബത്വാലവിയും അയാളുടെ സമാന ചിന്താഗതിക്കാരും എത്രമാത്രം വ്യാജരും കള്ളം പറയുന്നവരുമാണെന്നും ദീനിൽനിന്നും സത്യസന്ധതയിൽനിന്നും എത്രമാത്രം ദൂരപ്പെട്ടുകിടക്കുന്നവരുമാണെന്നും നീതിമാന്മാരിൽ വെളിപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. മിയാൻ ബത്വാലവി തന്റെ ഈ വിവരണങ്ങളിലും പിച്ചുംപേയും പുലമ്പലിലും- അതയാൾ എന്നെക്കുറിച്ച് ഞാൻ അജ്ഞനാണെന്നും ജാഹിലാണെന്നും കറ്റുകെട്ടുകാരനാണെന്നും ഇശാഅത്തുസ്സുന്നയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്- സത്യസന്ധനും സന്മാർഗിയുമാണെങ്കിൽ ഞാനെഴുതിയ ഈ ഖസ്വീദകൾക്കും തഫ്സീറിന്നുമെതിരിൽ ഇതേ അളവിലും എണ്ണത്തിലും കവിതയുടെ അടിസ്ഥാനത്തിൽ നാലു ഖസ്വീദകൾ നബി(സ)തിരുമേനിയെ പുകഴ്ത്തിക്കൊണ്ടെഴുതുമെന്നതിൽ ഒരു സംശയുവുമില്ല. അതെപോലെ സൂറ ഫാത്തിഹായുടെ തഫ്സീറും രചിക്കുന്നതായിരിക്കും'(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 62)

### മൗലവി മുഹമ്മദു ഹുസയ്നെ മാത്രമല്ല പ്രത്യുത സകല മൗലവിമാരേയും മത്സരത്തിന് ക്ഷണിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)എല്ലാ ഉലമാഇനേയും കറാമാത്തുസ്സ്വാദിഖീൻ എന്ന ഗ്രന്ഥത്തിന്നെതിരിൽ വിളിച്ചു. അവരുടെ ആത്മാഭിമാനത്തെ ആവേശം കൊളളിച്ചു. അവിടന്ന് പറഞ്ഞു:അപ്രകാരംതന്നെ ഞാൻ ആവർത്തിച്ച് ഈമാൻ പ്രകടിപ്പിച്ചിട്ടും എന്നെ കാഫിറെന്നും മുർത്തദ്ദെന്നും കരുതുന്നവരും തങ്ങളെ വലിയ സംഭവമായി മനസ്സിലാക്കുന്നവരുമായ തലയിൽ അഹങ്കാരത്തിന്റെ കീടമുള്ള എല്ലാ മൗലവിമാരേയും മത്സരത്തിനായി ക്ഷണിക്കുകയാണ്. അവർ ദില്ലിയിൽ താമസിക്കുന്നവരായാലും, മിയാൻ ശെയ്ഖുൽകുല്ലായാലും അല്ലെങ്കിൽ ലാഹോറിൽ താമസിക്കുന്നവരായാലും മിയാൻ മുഹ്‌യുദ്ദീൻ ബിൻ മൗലവി മുഹമ്മദ് സാഹിബായാലും അല്ലെങ്കിൽ ലാഹോറിലെ മറ്റേതെങ്കിലും നഗരത്തിൽ വസിക്കുന്നവരായാലും ഇപ്പോൾ അവരുടെ എല്ലാവരുടേയും ലജ്ജയും നാണവും ആവശ്യപ്പെടുന്നത് മത്സരിക്കുക എന്നാണ്. ആയിരം രൂപ വാങ്ങുക. തങ്ങളുടെ ജ്ഞാനം പ്രകടിപ്പിക്കുന്നതിനോടൊപ്പം നമ്മുടെ തെറ്റുകളും വെളിച്ചത്തുകൊണ്ടുവാരാൻ അവർക്ക് അധികാരമുണ്ടായിരിക്കും. എന്റെ സ്വർഫും നഹ്‌വും പരീക്ഷിക്കുക. അതുപോലെ തന്നെ തങ്ങളുടെ പരീക്ഷയും നടത്തിക്കുക. പക്ഷേ, നമുക്കെതിരിൽ തങ്ങളുടേയും ശ്രേഷ്ഠത കാണിക്കാതിരിക്കുകയും ഏകപക്ഷീയമായി ഉസ്താദ് ചമഞ്ഞിരിക്കുകയും ചെയ്യുക എന്ന കാര്യം ലജ്ജയില്ലായ്മയിൽപ്പെട്ടതാണ്. (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാല്യം 7, പേജ് 63)

### മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മത്സരത്തിന് വരികയില്ലെന്ന് പ്രവചനം. അയാൾക്ക് നേരിടാനുള്ള കരുത്തില്ല.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:നമുക്ക് ഈമാനികമായ സൂക്ഷ്മ ബുദ്ധികൊണ്ട് ശെയ്ഖ് സാഹിബ് ഈ മത്സരരീതിയേയും ഒരിക്കലും സ്വീകരിക്കുകയില്ലെന്ന് പ്രവചിക്കാൻ കഴിയും. തന്റെ പഴയശീലമനുസരിച്ച് ഇതും ഒഴിവാക്കാൻ ശ്രമിക്കുന്നതായിരിക്കും. കാര്യമെന്താണെന്നാൽ ശെയ്ഖ് സാഹിബ് സാഹിത്യരചനയിലും തഫ്സീർ എഴുതുന്നതിലും ഒട്ടും കഴിവില്ലാത്തവനും അജ്ഞാതനായ ആരോമുഖേന മൗലവി പട്ടത്തിൽ പ്രസിദ്ധനായ ആളുമാണ്.

### മുഹമ്മദു ഹുസയ്ൻ ബട്ടാലവിക്ക് ലോകത്തുള്ള ഏതു മൗലവിമാരിൽനിന്നും സഹായം തേടാം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), മുഹമ്മദുഹുസയ്ൻ ബട്ടാലവിയെ സംബോധന ചെയ്തു പറഞ്ഞു: ഈ ലഘുലേഖയിൽ ശെയ്ഖ് സാഹിബ് മാത്രമല്ല സംബോധിതൻ. പ്രത്യുത ഈ സാധുവിനെ അല്ലാഹുവിനേയും റസൂലിനേയും പിൻപറ്റാത്തവനെന്നും ഇസ്ലാമിക വൃത്തത്തിൽനിന്ന് പുറത്തായവനെന്നും വിചാരിക്കുന്ന സത്യനിഷേധികളായ ഓരോ മൗലവിമാരും സംബോധിതരാണ്. അതുകൊണ്ട് ശെയ്ഖ് സാഹിബ് സേവനമനോ

(ശേഷം പേജ് 9 ൽ)

## ഖുത്ബ ജുമുഅ

**ഞാൻ നമസ്കാരത്തിലായിരിക്കുമ്പോൾ ഞാനെന്റെ സൈന്യത്തെ തയ്യാറാക്കുന്നുവെന്ന് ഹദ്റത്ത് ഉമർ(റ)പറയാറുണ്ടായിരുന്നു**

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തുകാലം ഏകദേശം പത്തരവർഷമാണ്.......

**ഹദ്റത്ത് ഉമർ(റ)കീഴടക്കിയ സ്ഥലത്തിന്റെ മൊത്തം വിസ്തീർണം ഇരുപത്തിരണ്ടു ലക്ഷത്തി അമ്പത്തിയൊന്നായിരത്തി മുപ്പത് ചതുരശ്ര മൈലാകുന്നു.**

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഒരു കാര്യം വളരെ വ്യക്തമായും കാണാൻ കഴിയുന്നു, ഹദ്റത്ത് ഉമർ തിരക്കുകളെല്ലാം ഉണ്ടായിരുന്നിട്ടും എല്ലാ വിജയസമയത്തും മുസ്ലിമീങ്ങളുടെ സൈന്യത്തിലുണ്ടായിരുന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

നമാരിഖ്, കസ്കർ, സഖാത്തിയ, ബാറൂസമാ ജിസ്ർ യുദ്ധങ്ങളിൽ നേരിടേണ്ടി വന്ന സംഭവങ്ങളുടെ ഹ്രസ്വ വിവരണം

**പരേതാത്മക്കളായ ഫത്ഹീ അബ്ദുസ്സലാം മുബാറക് സാഹിബ്, മുൻ കനഡ-സിയറാലിയോൺ മുബല്ലിഗ് ഇൻ ചാർജ് ഖലീൽ അഹ്മദ് സാഹിബ് മുബശ്ശിറിന്റെ ഭാര്യ റളിയ ബീഗം സാഹിബ, ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബിന്റെ ഭാര്യ സായിറ സുൽത്വാൻ സാഹിബ, ഗസ്വൂനുൽമുഅല്ലിമാനീ സാഹിബ എന്നിവരെ കുറച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2021 ജൂലായ് 02/1400 വഫാ 02,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۝
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തെ കുറിച്ചായിരുന്നു വിവരിച്ചു വന്നത്. ആ കാലയളവിൽ നടന്ന യുദ്ധങ്ങളേയും വിജയങ്ങളേയും കുറിച്ചാണ് ഇനി വിവരിക്കുന്നത്. ഹിജ്റ വർഷം 13 മുതൽ 23 വരെയുള്ള ചരിത്രമാണത്. ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് ഏതാണ്ട് പത്തര വർഷം നീണ്ടുനിന്നിരുന്നു. ആ സമയത്തുണ്ടായ ഇസ്ലാമിക വിജയങ്ങളുടെ വ്യാപ്തിയെ കുറിച്ച് അല്ലാമ ശിബ്ലി നുഅ്മാനീ തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു: 'ഹദ്റത്ത് ഉമർ(റ)ജയിച്ചടക്കിയ പ്രദേശങ്ങളുടെ മൊത്തം വിസ്തീർണം 22 ലക്ഷത്തി 51 ആയിരത്തി മുപ്പത് ചതുരശ്ര മൈലാണ്. ആ അഭിനിവേശപ്രദേശങ്ങളിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഇവയാണ്. ശാം, ഈജിപ്ത്, ഇറാൻ, ഇറാഖ്, ഖൂസിസ്ഥാൻ, അർമേനിയ, ആസർബയ്ജാൻ, ഫാരിസ്, കർമാൻ, ഖുറാസാൻ, മക്റാൻ. ഇതിൽ ബലൂചിസ്ഥാന്റെ കുറച്ചു ഭാഗവും വരുന്നുണ്ട്. *(അൽഫാറൂഖ്, പേജ് 159, പ്രസിദ്ധീകരിച്ചത് അദാറയെ ഇസ്ലാമിയാത്ത് 2004)* ഇസ്ലാമിക യുദ്ധങ്ങളുടേയും വിജയങ്ങളുടേയും പരമ്പര ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലത്തുതന്നെ തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ഖിലാഫത്തിൽ ശാമിലും ഇറാഖിലും ഇസ്ലാമിക സൈന്യങ്ങൾ ജിഹാദിൽ വ്യാപൃതരായിരുന്നു. ഒരേസമയം പലകേന്ദ്രങ്ങളിലും ജിഹാദ് നടക്കുന്നുണ്ടായിരുന്നു. ആ പരമ്പര തുടർന്നു പോകുകയും ഹദ്റത്ത് ഉമറിന്റെ കാലംവരെ നീണ്ടു നില്ക്കുകയും ചെയ്തു. ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തിൽ ഒരു കാര്യം വളരെ വ്യതിരിക്തമായി കാണപ്പെട്ടിരുന്നു. ഹദ്റത്ത് ഉമർ ഒരുപാട് തിരക്കുകൾക്കിടയിലും എല്ലാ യുദ്ധവിജയങ്ങളിലും മുസ്ലിം സൈന്യത്തോടൊപ്പമുണ്ടായിരുന്നു. അദ്ദേഹം തന്റെ ഖിലാഫത്ത് കാലയളവിൽ ഒരുയുദ്ധത്തിലും പങ്കെടുത്തു പൊരുതിയിരുന്നില്ലെങ്കിൽ കൂടിയും മുസ്ലിം കമാണ്ടർമാർക്ക് സൈനിക നീക്കവുമായി ബന്ധപ്പെട്ട എല്ലാ മാർഗനിർദേശങ്ങളും മദീനയിൽനിന്നുകൊണ്ട് അയച്ചിരുന്നു. അല്ലെങ്കിൽ അദ്ദേഹം എവിടെയായിരുന്നുവോ അവിടെ നിന്ന് സൈന്യവുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. മാത്രവുമല്ല ചില യുദ്ധവിവരണങ്ങളിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഉമർ(റ) മുസ്ലിം സൈന്യാധിപന്മാർക്ക് ദിവസവും എന്ന കണക്കിൽ കത്തിടപാടുകൾ നടത്തിയിരുന്നുവെന്നാണ്. ഹദ്റത്ത് ഉമർ(റ)മദീനയിലിരുന്നുകൊണ്ടും യുദ്ധഭൂമിയിൽ മുസ്ലിം സൈന്യങ്ങളെ ക്രമീകരിക്കാനുള്ള നിർദേശങ്ങൾ നല്കുകയുണ്ടായി. മാത്രമല്ല അവർക്ക് ആ പ്രദേശങ്ങളെ കുറിച്ച് എത്ര വിശദമായി പറഞ്ഞു കൊടുക്കുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തിരുന്നുവെന്നാൽ ഹദ്റത്ത് ഉമറിന്റെ കൺമുമ്പിൽ ആ പ്രദേശത്തിന്റെ ഭൂപടം ഉണ്ടായിരുന്ന പ്രതീതി ഉളവാക്കി. ഹദ്റത്ത് ഉമറിന്റെ കൺമുമ്പാകെ ആ പ്രദേശം ഉള്ളതുപോലെയായിരുന്നു. സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ഉമറിനെ കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. **വ ഖാല ഉമറു റളിയല്ലാഹു അൻഹു ഇന്നീ ല ഉജഹ്ഹിസ്സു ജയ്ശീ വ അനാ ഫിസ്സ്വലാത്തി** ഹദ്റത്ത് ഉമർ പറയുമായിരുന്നു, ഞാൻ നമസ്കാരത്തിലായിരിക്കുമ്പോൾ എന്റെ സൈന്യത്തെ തയ്യാറാക്കുമായിരുന്നു. അതായത് അക്കാര്യത്തിൽ അദ്ദേഹം എത്രത്തോളം ചിന്താധീനനായിരുന്നുവെന്നാൽ നമസ്കാരവേളയിലും ഇസ്ലാമിക സൈന്യത്തെ ക്രമപ്പെടുത്തുകയും ചിട്ടപ്പെടുത്തുകയും ചെയ്യുന്നതിനെ കുറിച്ചുള്ള ചിന്തയിലാകുമായിരുന്നു. അതുപോലെ വളരെയധികം ദുആയിൽ നിരതനായിരുന്നുവെന്നും വരും. അക്കാരണത്താലാണ് ഹദ്റത്ത് ഉമറിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ടു മുസ്ലിം സൈന്യങ്ങൾ അത്യന്തം പ്രയാസത്തിലകപ്പെട്ട സന്ദർഭത്തിൽപോലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയങ്ങൾ കൈവരിച്ചതായി നമുക്കു കാണാൻ സാധിക്കുന്നത്.

സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബ് എഴുതുന്നു: അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലഘട്ടത്തെ കുറിച്ചുള്ള ഒരു പ്രബന്ധത്തിലാണ് ഇതു പറയുന്നത്. അതിൽ നിന്നുകൂടി നമുക്ക് കുറിപ്പു തയ്യാറാക്കുന്ന റിസർച്ച് സെല്ലിലെ ആളുകൾ നോട്ട്സെടുത്തിട്ടുണ്ട്. അവ യഥാർഥ സ്രോതസ്സുമായി തട്ടിച്ചു നോക്കുകയും ചെയ്തിട്ടുള്ളതാണ്. അവ കൃത്യവുമാണ്. അദ്ദേഹം ഇറാൻ ഇറാഖ് വിജയങ്ങളെ കുറിച്ച് ഇപ്രകാരം എഴുതുന്നു:ഹദ്റത്ത് അബൂബക്റിന്റെ കാലത്ത് പേർഷ്യക്കാരുമായുള്ള യുദ്ധം നടക്കുന്ന സമയത്ത് ഹദ്റത്ത് അബൂബക്ർ(റ) രോഗബാധിതനായി. അക്കാരണത്താൽ ഇസ്ലാമിക സൈന്യങ്ങൾക്ക് സന്ദേശങ്ങൾ ലഭിക്കുന്നതിൽ കാലതാമസമുണ്ടായി. അതുകൊണ്ട് ഹദ്റത്ത് മുഥ്ഥാനാ(റ) തന്റെ സൈന്യത്തിന് ഒരു സഹസേനാപധിയെ നിശ്ചയിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിൽ, അദ്ദേഹത്തിന് യുദ്ധത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് വിവരം നല്കാനും കൂടുതൽ സഹായങ്ങൾക്ക് അപേക്ഷിക്കാനുമായി ഹാജരായി. ഹദ്റത്ത് മുഥ്ഥാനാ അങ്ങനെ മദീനയിലെത്തി ഹദ്റത്ത്

അബൂബക്റിനോടു സംഭങ്ങളെല്ലാം പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമറിനെ വിളിപ്പിച്ചു. ഇപ്രകാരം വസ്വിയ്യത്ത് ചെയ്തു. ഉമറേ! ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുകയും അപ്രകാരം പ്രവൃത്തിക്കുകയും ചെയ്യുക. ഇന്ന് തിങ്കളാഴ്ചയാണ്. ഇന്നുതന്നെ ഞാൻ മരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹദ്റത്ത് അബൂബക്റാണ് പറയുന്നത്. ഞാൻ മരിച്ചാൽ വൈകുന്നേരത്തിനുമുമ്പേ ജനങ്ങളെ ജിഹാദിന് ഉൽബോധിപ്പിച്ചുകൊണ്ട് മുഥ്ഥാനായുടെ കൂടെ അയക്കുക. ഇനി രാത്രിവരെ ഞാൻ മരിക്കുന്നത് നീണ്ടുപോയാൽ പ്രഭാതത്തിനു മുമ്പേ മുസ്‌ലിമീങ്ങളെ ഒരുമിച്ചുകൂട്ടി മുഥ്ഥാനായെ ഏല്പിക്കണം. എന്റെ മരണത്തിന്റെ പ്രയാസം എത്രവലുതായാലും അത് നിങ്ങളെ ദീനിന്റെ കല്പനകളേയും അല്ലാഹുവിന്റെ കല്പനകളേയും പാലിക്കുന്നതിൽനിന്ന് മാറ്റി നിറുത്തുന്നതായിത്തീരരുത്. നബി(സ)തിരുമേനിയുടെ മരണ സമയത്ത് ഞാനെന്താണ് ചെയ്തതെന്ന് നിങ്ങൾ കണ്ടതാണ്. ജനങ്ങൾക്കും സൃഷ്ടിജാലങ്ങൾക്കും അതുപോലൊരു പ്രതിസന്ധി ഒരിക്കലും വന്നിരുന്നില്ല. അല്ലാഹുവാണ! ആ സമയത്ത് ഞാൻ റസൂലുല്ലായുടെ കല്പന നടപ്പിൽ വരുത്തുന്നതിൽ അല്പം വൈകിച്ചിരുന്നെങ്കിൽ അല്ലാഹു നമ്മെ നിന്ദിതരാക്കുകയും ശിക്ഷിക്കുകയും മദീനയിൽനിന്ന് തീജ്വാലകൾ ആളിപ്പടരുകയും ചെയ്യുമായിരുന്നു. അങ്ങനെ ഹദ്റത്ത് അബൂബക്റിന്റെ വഫാത്തിനുശേഷം ഖിലാഫത്തിന്റെ സിംഹാസനത്തിൽ അവരോധിതനായ ഹദ്റത്ത് ഉമർ(റ) ഉടൻ ആ വസ്വിയ്യത്ത് പൂർത്തീകരിക്കാൻ ഹദ്റത്ത് അബൂബക്റിനെ ഖബറടക്കിയതിന്റെ അടുത്ത ദിവസം ജനങ്ങളെ ഒരുമിച്ചുകൂട്ടി. ഖിലാഫത്തിൽ ബയ്അത്തു ചെയ്യാനായി എല്ലാ ഭാഗത്തുനിന്നും അനേകംപേർ വന്നിരുന്നു. മൂന്നുദിവസംവരെ അവരുടെ തിരക്കുണ്ടായി. ഹദ്റത്ത് ഉമർ ആ അവസരം ഫലപ്രദമായി ഉപയോഗിക്കാൻ പൊതുസദസ്സിൽ ജിഹാദിനെക്കുറിച്ച് ഉപദേശ പ്രസംഗം നടത്തി. അറബികൾ പണ്ടുമുതൽക്കെ ഇറാൻ ഭരണകൂടത്തിന്റെ പ്രതാപത്തേയും പ്രൗഢിയേയും അവരുടെ ശക്തി മാത്തായ സൈന്യബലത്തേയും ഭയന്നിരുന്നു. പേർഷ്യൻ ഭരണകൂടത്തിന്റെ സിരാകേന്ദ്രമായി ഇറാഖിനെ പൊതുവെ ജനങ്ങൾ കണക്കാക്കുകയും ഹദ്റത്ത് ഖാലിദിനല്ലാതെ മറ്റാർക്കും അതു കീഴടക്കാനാകില്ലെന്ന് ധരിക്കുകയും ചെയ്തിരുന്നു. അതിനാൽ എല്ലാവരും മൗനം പാലിച്ചു. ഹദ്റത്ത് ഉമർ പലനാളുകൾ പ്രഭാഷണം നടത്തിയെങ്കിലും ഒരു ഫലവുമുണ്ടായില്ല. അവസാനം നാലാന്നാൾ ആവേശാധികൃത്താൽ പ്രസംഗിക്കുകയും അതുകേട്ട് ശ്രോതാക്കളുടെ ഹൃദയം പ്രകമ്പനം കൊള്ളുകയും ജനങ്ങളുടെ ഈമാനികരോഷം പതഞ്ഞുപൊന്തുകയും ഹദ്റത്ത് അബൂ ഉബയ്ദ് ബിൻ മസ്ഊദ്(റ)മുന്നോട്ടു വന്നുകൊണ്ട് 'അനാ ലിഹാദാ'യുടെ-ഞാൻ അതിനുവേണ്ടി ഇതാ ഹാജരായിരിക്കുന്നു എന്ന മുദ്രാവാക്യം വിളിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം, തന്നെ ആ ജിഹാദിന് സമർപ്പിച്ചു. അതിനുശേഷം ഹദ്റത്ത് സഅ്ദ് ബിൻ റബീഉം സലീത് ബിൻ ഖയ്സും മുമ്പോട്ടുവന്നു. അവർ മുന്നോട്ടു വന്നതും മുസ്‌ലിമീങ്ങളുടെ ഹൃദയങ്ങളിൽ ഈമാനികാവേശം അലതല്ലുകയും വളരെ അത്യുത്സാഹത്തോടെ ഇറാഖിലെ ജിഹാദിന് തങ്ങളുടെ പേരുകൾ നല്കുകയും ചെയ്യാൻ തുടങ്ങി. മുമ്പേ ഇറാഖിലെ സൈന്യങ്ങളുടെ പടനായകത്വം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്നായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ തന്റെ അവസാന കാലത്ത് ശാമിലെ യുദ്ധത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അദ്ദേഹത്തോട് അങ്ങോട്ടു പോകാൻ കല്പിച്ചു. ഇറാഖിലെ ഇസ്‌ലാമിക സൈന്യത്തിന്റെ സേനാധിപത്യം ഹദ്റത്ത് മുഥ്ഥാനാ ബിൻ ഹാരിഥ വഹിക്കുകയായിരുന്നു. ഈ അവസരത്തിൽ ഹ്ദറത്ത് ഉമർ മുസ്‌ലിമീങ്ങളോടു ഇറാഖിലെ യുദ്ധത്തിനു പേരു നല്കാൻ ആഹ്വാനം ചെയ്ത സമയത്ത് മുഥന്നാ ബിൻ ഹാരിഥ മദീനയിൽ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹവും ആവേശോജ്ജ്വലമായ പ്രസംഗം നടത്തിക്കൊണ്ട് പറഞ്ഞു: ജനങ്ങളേ! ഈ സൈനിക നീക്കത്തെ വളരെ ദുഷ്കരവും പ്രയാസപൂരിതവുമായി ധരിക്കരുത്. നമ്മൾ പേർഷ്യക്കാരോടു പടവെട്ടി അവരെ പരാജിതരാക്കിയതാണ്. ഇൻശാ അല്ലാഹ് ഇനിയും വിജയം നമ്മുടേതുതന്നെയായിരിക്കും. ഈ പ്രഭാഷണങ്ങളെല്ലാം കഴിഞ്ഞ ശേഷം മദീനയിൽനിന്നും അതിന്റെ ചുറ്റുവട്ടത്തുനിന്നും മുജാഹിദീങ്ങൾ ഇറാഖിലെ സൈന്യത്തിൽ ചേരാൻ സന്നദ്ധരായി വന്നു. ത്വബ്‌രിയും ബിലാദരിയും ഈ സൈന്യത്തിന്റെ എണ്ണം ആയിരമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുപോലെ 'അഖ്ബാറുത്ത്വിവാൽ' എന്ന ഗ്രന്ഥത്തിൻ കർത്താവ് അല്ലാമ അബൂഹനീഫ ദീനവരി അയ്യായിരം പറയുന്നു. മദീനയിൽനിന്ന് സൈന്യം പുറപ്പെടുമ്പോൾ ആയിരം പേരും യുദ്ധ ഭൂമിയിലെത്തുമ്പോഴേക്കും അയ്യായിരം പേരുമായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. കാരണം ബിലാദരിയും അബൂഹനീഫയും വിശദീകരിച്ചത് സൈന്യത്തിന്റെ അമീർ വഴിമധ്യേ കണ്ടുമുട്ടുന്ന ഗോത്രങ്ങളോടെല്ലാം സൈന്യത്തിൽ ചേരാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നുവെന്നാണ്. ആ സൈന്യത്തിന്റെ അമീർ ആരായിരുന്നുവെന്നതാണ് അടുത്ത ചോദ്യം. ആദ്യം ഹദ്റത്ത് മുഥ്ഥാനാ ആയിരുന്നു. ഹദ്റത്ത് ഉമർ തന്റെ ദീർഘദൃഷ്ടികൊണ്ട് ആ സൈന്യത്തിനു ആരെയായിരുന്നു അമീറായി നിശ്ചയിച്ചിരുന്നത്? ഹദ്റത്ത് അബൂ ഉബയ്ദ് ഥഖ്ഫിയെയായിരുന്നു ഹദ്റത്ത് ഉമർ (റ) അതിന് നിശ്ചയിച്ചത്. ചിലർക്ക് ഈ അമീറിന്റെ തിരഞ്ഞെടുപ്പിനോടു പൊരുത്തപ്പെടാനായില്ല. സാബിഖൂനൽ അവ്വലൂൻ ആദ്യകാല വിശ്വാസികളേയും ഇസ്‌ലാമിന്റെ ചെടിയ തങ്ങളുടെ ചോര കൊണ്ട് നട്ടു നനച്ച മുഹാജിറുകളേയും അൻസാറിനേയും ഉപേക്ഷിച്ച് പിന്നീട് വന്ന വ്യക്തിയാണ് അമീറായിരിക്കുന്നത്. ഹദ്റത്ത് ഉമർ പറഞ്ഞു: സ്വഹാബാക്കൾക്ക് വ്യതിരിക്തമായ സ്ഥാനം ലഭിച്ചിരിക്കുന്നത് അവർ ഇസ്‌ലാമിനെ സേവിക്കാൻ അഹമഹമികയാ മുന്നോട്ടു വരുന്നതുകൊണ്ടും ദീനിനുവേണ്ടി പ്രതിരോധം തീർക്കാൻ മുന്നോട്ടു കുതിച്ച് ശത്രുക്കളോടു പടവെട്ടുകയും ചെയ്യുന്ന ഒറ്റക്കാരണത്താലാണ്. എന്നാൽ, ഈ അവസരത്തിൽ പിന്നാക്കം നിന്നുകൊണ്ട് അവർ തങ്ങളുടെ അവകാശം നഷ്ടപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഈ സന്ദർഭത്തിൽ ഇസ്‌ലമിന്റെ സംരക്ഷണത്തിന് ഏറ്റവുമാദ്യം മുന്നോട്ടുവന്ന വ്യക്തിക്കുതന്നെയാണ് അമീറാകാനുള്ള യോഗ്യതയുള്ളത്. ഹദ്റത്ത് അബൂഉബയ്ദിനുശേഷം സഅ്ദ് ബിൻ ഉബയ്ദും ഥലീദ് ബിൻ ഖയ്സുമായിരുന്നു ഇറാഖിലെ യുദ്ധത്തിന് ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് ഉമറിന്റെ വിളിക്ക് ലബ്ബയ്ക്ക് പറഞ്ഞത്. ഹദ്റത്ത് ഉമർ ആ രണ്ടുപേരേയും അഭിസംബോധന ചെയ്ത് പറഞ്ഞു: നിങ്ങൾ എന്റെ വിളിക്ക് ലബ്ബയ്ക്ക് പറയുന്നതിൽ മുൻകടന്നിരുന്നെങ്കിൽ ഇസ്‌ലാം സ്വീകരിക്കുന്നതിനു നിങ്ങൾ മുൻകടന്ന കാരണത്താൽ അമീറായി നിങ്ങളെത്തന്നെ ഞാൻ നിശ്ചയിക്കുമായിരുന്നു. അതുപോലെ ഥലീൽ ബിൻ ഖയ്സിനെക്കാൾ അബൂഉബയ്ദിന് മുൻഗണന ന്‌ലകിയതിന് ആദ്യത്തെ കാരണം കൂടാതെ ഹദ്റത്ത് ഉമർ മറ്റൊരു സംഗതികൂടി വ്യക്തമാക്കിയിരുന്നത് ഇക്കാര്യത്തിന് ഒരു സാവകാശിയായ വ്യക്തിയെയാണ് വേണ്ടത് എന്നുള്ളതുകൊണ്ടാണ്. ക്ഷമയോടും ചിന്തിച്ചും യുദ്ധനീക്കം നടത്തുന്ന വ്യക്തിയാണ് ഉചിതം. എന്നാൽ, ഥലീൽ ബിൻ ഖയ്സ് യുദ്ധകാര്യത്തിൽ വളരെ എടുത്തു ചാട്ടക്കാരനാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് ഉമർ ഇതിൽ മുൻകടന്ന കാരണത്താൽ അബൂ ഉബയ്ദിന് സേനാധിപത്യം നല്കി. എങ്കിൽക്കൂടി നബി(സ)തിരുമേനിയുടെ ആദരണീയ സ്വഹാബാക്കളുടെ പൂർവകാല സേവനങ്ങളേയും മുൻ അനുഭവങ്ങളേയും അദ്ദേഹം വിസ്മരിക്കുന്നതും ഉചിതമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം ഹദ്റത്ത് അബൂ ഉബയ്ദ് സഖ്ഫിയെ നിഷ്കർശിച്ചിരുന്നത് സ്വഹാബാക്കളുടെ അഭിപ്രായങ്ങളെ പ്രയോജനപ്പെടുത്തണമെന്നും സംവിധാന പരിചയകാര്യങ്ങളിൽ അവരുടെ അഭിപ്രായത്തെ പിൻതുടരണമെന്നുമായിരുന്നു. ഇതു വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും ത്വബരി ചരിത്രത്തിൽനിന്നുമുള്ള സംഭവങ്ങളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. *(താരീഖെ ഇസ്‌ലാം ബഅഹ്ദ് ഹദ്റത്ത് ഉമർ(റ), മഖാല അസ് സയ്യിദ് മീർ മഹ്മൂദ് നാസിർ സാഹിബ്, പേജ് 7-9)(താരീഖു അത്ത്വബ്‌രി, വാള്യം 2, ഭാഗം 2, മുത്തർജിം , പേജ് 194, പ്രസാധകർ നഫീസ് അക്കാഡമി കറാച്ചി 2004) (താരീഖുത്ത്വബരി വാള്യം 2, 334, 360-361 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2012) (അഖ്ബാറുത്ത്വിവാൽ അബൂഹനീഫ ദേന്നൂരി, പേജ് 165-166 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) (ഫുതൂഹുൽ ബുൽദാൻ അല്ലാമ ബലാഥരി, പേജ് 350, പ്രസാധകർ മുഅസ്സസത്തുൽ മആരിഫ്, ബെയ്റുത്ത് 1987)(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബി, പേജ് 353-354, ദാറുൽമുഅ്രിഫ ബെയ്റുത്ത് 1987) (അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 78-79, അദാരയെ ഇസ്‌ലാമിയാത്ത് 2004)*

ഹിജ്റ 13-ൽ ഒരു യുദ്ധം നടന്നു. അതിനെ നമാരിഖ് എന്നും കസ്കർ യുദ്ധമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഹദ്റത്ത് അബൂഉബയ്ദ് സൈന്യവുമായി പുറപ്പെടുന്നതിനു മുമ്പേ തന്നെ ഹദ്റത്ത് മുഥ്ഥാനാ, ഹീറഹിലേക്ക് തിരിച്ചു പോയിരുന്നു. (ഹീറഹ് എന്നത് ഇറാഖിലെ പുരാതന അറേബ്യൻ രാജധാനിയായിരുന്നു. യൂഫ്രട്ടീസിൽനിന്ന് പടിഞ്ഞാറ് മുമ്പേ കൂഫയുടെ ജനവാസ കേന്ദ്രമുണ്ടായ സ്ഥലത്താണ് അത് സ്ഥിതി ചെയ്യുന്നത്). അദ്ദേഹം അവിടെപ്പോയി തന്റെ സൈന്യത്തെ ഏറ്റെടുത്ത് നയിച്ചു. എന്നാൽ, അധികം താമസിയാതെ തന്റെ സൈന്യസമേതം പിറകോട്ടടിക്കേണ്ട സാഹചര്യമുണ്ടായി. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. ഇറാനീദർബാർ പ്രമാണിമാരുടേയും അമീർമാരുടേയും പരസ്പര ശണ്ഠയുടേയും തർക്കത്തിന്റേയും

പ്രഭവകേന്ദ്രമായി മാറിയിരുന്നു. അതായത് ഒരു പുതിയ ശക്തനായ വ്യക്തിയുടെ അരങ്ങേറ്റമുണ്ടായി. അയാൾ ഖുറാസാനിലെ ഗവർണരായ ഫറഖ്സാദിന്റെ മകൻ റുസ്തമായിരുന്നു. ഇറാനീ ദർബാറിന്റെ ഭാഗത്തുനിന്ന് റുസ്തം കറുത്തവരുടേയും വെളുത്തവരുടേയും ഉടമയാക്കപ്പെട്ടിരുന്നു. ഭിന്നതകൊണ്ടും ചേരിതിരിവുകൊണ്ടും രാജ്യത്തിന്റെ ശക്തി ക്ഷയിക്കുന്നതിന് കാരണക്കാരായ രാജ്യസഭാംഗങ്ങളെല്ലാം റുസ്തമിന്റെ അനുസരണത്തിൻ കീഴിൽവന്നു. റുസ്തം ധീരനും യുക്തിജ്ഞനുമായിരുന്നു. അയാൾ നേതൃത്വത്തിന്റെ കടിഞ്ഞാൺ കൈയിൽ കിട്ടിയതും മുസ്‌ലിം അധിനിവേശ പ്രദേശങ്ങളിൽ തന്റെ ആളുകളെ വിട്ട് അക്രമത്തിന് തുടക്കം കുറിച്ചു. യൂഫ്രട്ടീസിന്റെ സമീപത്തുള്ള ജില്ലകളിൽ മുസ്‌ലിമീങ്ങൾക്കെതിരെ ജനവികാരം ഇളക്കിവിട്ടു. അതുപോലെ ഹദ്റത്ത് മുഥ്ഥന്നാ യെ നേരിടാൻവേണ്ടി ഒരു സൈന്യത്തെ അയച്ചുകൊടുത്തു. ആ അവസ്ഥകൾ കണ്ട് സൈന്യവുമായി അല്പം പിറകോട്ടടിക്കുന്നതാണ് ഉചിതമെന്ന് ഹദ്റത്ത് മുഥ്ഥന്നാ കരുതി. അദ്ദേഹം ഹയ്റ വിട്ട് ഖഫ്ഫാനിൽ വന്ന് തമ്പടിച്ചു. (കൂഫയുടെ സമീപപ്രദേശമാണ് ഖഫ്ഫാൻ). മറുവശത്ത് റുസ്തം നിരന്തരം പട്ടാള നീക്കം നടത്തുന്നതിൽ വ്യാപൃതനായിരുന്നു. അയാൾ ശക്തമായ സൈന്യത്തെ തയ്യാറാക്കി രണ്ടു വിവിധ വഴികളിലൂടെ മുസ്‌ലിമീങ്ങളെ നേരിടാൻ അയക്കുകയുണ്ടായി. ഒരു സൈന്യം ജാബാന്റെ നായകത്വത്തിലായിരുന്നു. അവർ നമാരിഖിൽ ചെന്നിറങ്ങി. നമാരിഖും ഇറാഖിൽത്തന്നെയുള്ള കൂഫയുടെ സമീപപ്രദേശമാണ്. രണ്ടാമത്തെ സൈന്യം നേർസീയുടെ നേതൃത്വത്തിൽ കസ്കറിലേക്കും അയച്ചുകൊടുത്തു. കസ്കർ ബാഗ്ദാദിനും ബസ്വറയ്ക്കുമിടയിൽ ദജലയുടെ സമീപത്ത് പടിഞ്ഞാറൻ തീരത്തുള്ള ഒരു പട്ടണമാണ്. അതിന്റെ പുരാതന സ്മാരകങ്ങളിൽ വാസിതിന്റെ നഗരം അധിവസിക്കുന്നു. ഹദ്റത്ത് മുഥ്ഥാനാ മദീനയിൽനിന്ന് വന്ന് ഒരു മാസംപോലും തികയുംമുമ്പേ ഹ്ദറത്ത് അബൂഉബയ്ദ് യോദ്ധാക്കളുടെ സൈന്യത്തോടൊപ്പം ഖഫ്ഫാനിൽ അവരുമായി കണ്ടുമുട്ടി. ഖഫ്ഫാനും കൂഫയുടെ സമീപത്തുള്ള ഒരു പ്രദേശമാണ്. ഏതാനും ആയിരം മുസ്‌ലിമീങ്ങൾ അടങ്ങിയ ഈ സൈന്യം ആ സമയത്ത് യുദ്ധഭൂമിയിലെത്തി. ആ നേരത്ത് ഇറാഖിൽ മുസ്‌ലിമീങ്ങൾക്ക് പൊതുവെ അനുകൂലമായ സാഹചര്യമായിരുന്നില്ല. അപ്പോൾ അധിനിവേശ പ്രദേശങ്ങൾ ഓരോന്നായി അവരുടെ കൈയിൽനിന്ന് വിട്ടുപോകുകയായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ് ഖഫ്ഫാനിൽ സൈന്യത്തെ സംഘടിപ്പിക്കുക എന്നുദ്ദേശ്യത്തോടെ കുറച്ചു ദിവസം താമസിച്ചതിനുശേഷം നമാരിഖിലേക്ക് തിരിഞ്ഞു. അവിടെ ശക്തമായൊരു ഇറാനീ സൈന്യം വൃദ്ധനും പരിചയസമ്പന്നനുമായ സേനാധിപൻ ജാബാന്റെ നേതൃത്വത്തിൽ താവളമടിച്ചിരുന്നു. ഹദ്റത്ത് അബൂഉബയ്ദ് സൈന്യങ്ങളെ ക്രമീകരിക്കുന്നതിന്റെ ചുമതല ഹദ്റത്ത് മുഥ്ഥാനായ്ക്കു നല്കി. സൈന്യത്തിൽ വലതുപക്ഷത്തിന്റെ മേൽനോട്ടം വാലിക് ബിൻ ജദാറയ്ക്കും ഇടതുപക്ഷത്തിന്റേ നായകത്വം അംറ് ബിൻ ഹയ്ഥമിനും നല്കിയിരുന്നു. ഇറാൻ സൈന്യത്തിന്റെ രണ്ടു പക്ഷങ്ങളുടേയും നേതൃത്വം ജുശ്നസ് മാഹിനും മർദാൻ ശാഹിനും ആയിരുന്നു. ഈ യുദ്ധത്തിൽ പ്രകടമായ ഇസ്‌ലാമിക ധാർമികതയുടെ മാതൃകയെ കുറിച്ച് മീർ മഹ്മൂദ് അഹ്മദ് സാഹിബ് ഇപ്രകാരം പ്രതിപാദിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ ധാർമികതയുടെ ഒരു മാതൃക നമുക്ക് ഒരു സംഭവത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. നമാരിഖ് എന്ന സ്ഥലത്തു വച്ച് ഒരു ഘോരയുദ്ധം നടന്നു. അതിൽ ഇറാൻ സൈന്യം പരാജയമടഞ്ഞു. ഇറാൻ സൈന്യത്തിന്റെ തലവനായ ജാബാനെ ജീവനോടെ ബന്ദിയാക്കി. എന്നാൽ, ജാബാനെ ബന്ദിയാക്കിയ മത്വർ ബിൻ ഫിള്ളക്ക് അയാളെ തിരിച്ചറിയുമായിരുന്നില്ല. ജാബാൻ അദ്ദേഹത്തിന്റെ അജ്ഞതമുതലാക്കി അദ്ദേഹത്തിന് മോചനമൂല്യം നല്കി മോചിതനായി, കുറച്ചു കഴിഞ്ഞപ്പോൾ മുസ്‌ലിമീങ്ങൾ ജാബാനെ വീണ്ടും പിടികൂടി. അബൂ ഉബയ്ദിന്റെ അടുത്തു കൊണ്ടുവന്നു. എന്നിട്ട് ജാബാന് ഇറാൻ സൈന്യത്തിലുള്ള പദവി എന്താണെന്നു പറഞ്ഞുകൊടുത്തു. എന്നാൽ, ഒരു മുസ്‌ലിം പടയാളി ഒരിക്കൽ ഫിദ്‌യാ വാങ്ങി മോചിപ്പിച്ച ശത്രുപക്ഷത്തുള്ള ഒരാളെ വീണ്ടും ബന്ദിയാക്കുന്നത് ഹദ്റത്ത് അബൂ ഉബയ്ദിന് രസിച്ചില്ല. ജാബാന്, രാജാവിന്റെ പദവിയാണുള്ളതെന്ന് പറഞ്ഞുകൊണ്ട് ജനങ്ങൾ അദ്ദേഹത്തെ വീണ്ടും നിർബന്ധിച്ചു. താൻ അങ്ങനെ കരാർ ലംഘകനെന്ന ആരോപണം ഏറ്റെടുക്കാൻ തയ്യാറല്ല. അങ്ങനെ അയാളെ മോചിതനാക്കി. ഇസ്‌ലാമിക സൈന്യത്തിന്റെ പ്രവർത്തനരൂപരേഖയിലുള്ള ഉന്നത ധാർമിക നിലവാരത്തിലേക്കാണ് അത് വെളിച്ചം വീശുന്നത്. മുസ്‌ലിമീങ്ങൾ യുദ്ധത്തിൽ നേട്ടമുണ്ടാകുന്നത് വേണ്ടെന്നുവച്ചത് സൽസ്വഭാവം കൈമോശം വരാതിരിക്കാനാണ് ശ്രമിച്ചത്. *(താരീഖെ ഇസ്‌ലാം ബഅഹദ് ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 9-12)(താരീഖ് അത്ത്വബരീ, വാല്യം 2, പേജ് 362-363, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)(മുഅ്ജമുൽ ബുൽദാൻ വാല്യം 5, പേജ് 351, വാല്യം 2, പേജ് 434,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

പിന്നീട് ഹിജ്റ 13 ലുണ്ടായ സഖാത്തിയ യുദ്ധമാണ്. നമാരിഖ യുദ്ധത്തിൽ പരാജിതരായി ഇറാൻ സൈന്യം കസ്കറിലേക്കോടി. അവിടെ ഇറാനീ കമാണ്ടർ നേർസി ഒരു വൻ സൈന്യവുമായി മുസ്‌ലിമീങ്ങളെ നേരിടാൻ തമ്പടിച്ചിരിക്കുകയായിരുന്നു. അബൂഉബയ്ദ് അവരെ നേരിടാൻ കസ്കറിലേക്ക് തിരിച്ചു. ഇറാൻ രാജഭരണകൂടത്തിൽ കസ്കറിലെ സേനനായകനായിരുന്ന നേർസിക്ക് ഇറാനിലെ രാജഭരണ അംഗങ്ങളിൽ സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. അയാളും അയാളുടെ സൈന്യത്തിന്റെ രണ്ടു കൂട്ടാളികളുടെ കമാണ്ടർമാരായ ബിൻദവിയായും തീർവിയായും ഇറാനിലെ സാസാനിയൻ രാജാക്കന്മാരുടെ വളരെ അടുത്തതും അഗാധവുമായ ബന്ധുക്കളായിരുന്നു. ഇറാൻ രാജസദസ്സിന് നമാരിഖിലുണ്ടായ പരാജയത്തെ കുറിച്ച് വിവരം ലഭിച്ചു കഴിഞ്ഞിരുന്നു. നേർസിക്ക് കൂടുതൽ സൈന്യം അയച്ചുകൊടുക്കാൻ റുസ്തം ഏർപാടു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴേക്കും ഹദ്റത്ത് അബൂ ഉബയ്ദ് തന്റെ സൈന്യത്തെ അതിദ്രുതം മുന്നോട്ടു നയിച്ച് നേർസിയുടെ സൈന്യത്തിന് പോഷകസൈന്യത്തിന്റെ സഹായമെത്തുന്നതിനുമുമ്പേ കസ്കറിന്റെ താഴോരപ്രദേശങ്ങളിൽവച്ചുതന്നെ ആ സൈന്യത്തെ പിടികൂടി. അവർക്കുനേരെ ആക്രമണം നടത്തി. സഖാത്തിയ എന്ന സ്ഥലത്തുള്ള മൈതാനത്ത് ഘോരയുദ്ധം നടക്കുകയും അനന്തരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിക്കുകയും ചെയ്തു. വൻയുദ്ധം കഴിഞ്ഞ് ഹദ്റത്ത് അബൂ ഉബയ്ദ് കസ്കറിന്റെ സമീപപ്രദേശങ്ങളിൽ പലയിടങ്ങളിലുമുണ്ടായിരുന്ന ശത്രുക്കളെ നേരിടാൻ ഇസ്‌ലാമിക ചെറുസൈന്യങ്ങളെ അയക്കുകയും ചെയ്തു. *(താരീഖെ ഇസ്‌ലാം ബഅഹദ് ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 12-13)(താരീഖ് അത്ത്വബരീ, വാല്യം 2, പേജ് 364, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)*

പിന്നീട് വരുന്നത് ബാറൂസമാ യുദ്ധത്തിന്റെ വിവരണമാണ്. ഈ യുദ്ധവും ഹിജ്റ 13 ലാണ് നടന്നത്. കസ്കറിന്റേയും സഖാത്തിയായുടേയും ഇടയ്ക്കുള്ള ഒരു സ്ഥലമാണ് ബാറൂസമാ. അവിടെ ഇറാനീ മിലിട്ടറി ജനറലായ ജാലീനൂസുമായാണ് യുദ്ധം നടന്നത്. അയാൾ ജാബാനെ സഹായിക്കാൻ വന്നതായിരുന്നു. നേർസിയെ സഹായിക്കാനായി റുസ്തം ഒരു സൈന്യത്തെ ഇറാനീ കമാണ്ടറിന്റെ നേതൃത്വത്തിൽ കസ്കറിലേക്ക് അയച്ചിരുന്നു. അബൂ ഉബയ്ദിന് ആ വിവരം ലഭിച്ചു. അദ്ദേഹം വളരെ സമർഥമായി പ്രവർത്തിച്ചുകൊണ്ട് ജാലീനൂസിന്റെ പോഷകസൈന്യം എത്തുന്നതിനുമുമ്പേ നേർസിയുടെ സൈന്യത്തോടു പോരാടി അതിനെ പരാജയപ്പെടുത്തുകയും ശത്രുസൈന്യത്തിന് ക്ഷതമേല്പ്പിക്കുകയും ചെയ്തു. അതു കഴിഞ്ഞ് ജാലീനൂസ് ബാറൂസമാ പ്രദേശത്ത് ബാഖുസ്‌യാഥാ എന്ന സ്ഥലത്ത് സൈന്യവുമായി ഇറങ്ങി. ജാലീനൂസ് സൈന്യവുമായെത്തിയത് ബാഖുസ്‌യാഥാ എന്ന സ്ഥലത്തായിരുന്നു. ബസ്വറയ്ക്കും കൂഫയ്ക്കുമിടയിലുള്ള പ്രദേശങ്ങളെ അർളെ സവാദ് എന്നാണ് വിളിച്ചിരുന്നത്. ബാറൂസമായും ബാഖുസ്‌യാഥായും അത്തരം പ്രദേശങ്ങളിൽ പെടുന്നവയാണ്. അബൂഉബയ്ദ ബാഖുസ്‌യാഥായിലെത്തി. ചെറിയ പോരാട്ടത്തിൽത്തന്നെ ഇറാനീ സൈന്യം പരാജയം ഏറ്റുവാങ്ങി. ജാലീനൂസ് മൈതാനത്തുനിന്നും ഓടിപ്പോയി. അബൂഉബയ്ദ് അവിടെ താവളമടിച്ചുകൊണ്ട് ചുറ്റുപാടുമുള്ള പ്രദേശങ്ങളെ കീഴ്പ്പെടുത്തി. ഇത് ത്വബരീ എന്ന ചരിത്രകാരന്റെ വിവരണമാണ്. ബിലാദരി എഴുതിയിരിക്കുന്നത് ജാലീനൂസുമായി സന്ധിയായെന്നാണ്. എന്നാൽ, പിൽക്കാലത്തുള്ള ചരിത്രകാരന്മാരായ ഇബ്നു ഖുൽദൂനും ഇബ്നു അഥീറും ത്വബരിയെ പിന്തണയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. *(താരീഖെ ഇസ്‌ലാം ബഅഹദ് ഹദ്റത്ത് ഉമർ(റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 14)(സീറത്ത് അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ), അസ്സ്വലാബി പേജ് 357, ദാറുൽമഅ്രിഫ ബെയ്റുത്ത 2007)(മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 261, ദാറുഅഹ്‌യാത്തുറാഥ് അൽഅറബി ബെയ്റുത്ത് വൽമുൻജിദ് 'സ്വാദ്' എന്ന അക്ഷരം)*

ജിസ്ർ യുദ്ധത്തെ കുറിച്ച് മുമ്പേയും കുറച്ചു വിവരിച്ചിട്ടുള്ളതാണ്. ഇവിടെയും അതു വിവരിക്കേണ്ട ആവശ്യമുണ്ട്. ജിസ്ർ യുദ്ധം ഹിജറ 13 ലാണ് നടന്നത്. യൂഫ്രട്ടീസ് നദി തീരത്ത് മുസ്‌ലിമീങ്ങളുടേയും ഇറാനികളുടേയുമിടയിൽ നടന്ന യുദ്ധമായിരുന്നു ഇത്.

മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് സൈന്യത്തലവനായി ഹദ്‌റത്ത് അബൂഉബയ്ദ് ഥഖ്ഫിയായിരുന്നു. ഇറാനികളുടെ ഭാഗത്ത് ബഹുമൻ ജാദ്‌വയ സേനാനായകനായിരുന്നു. മുസ്‌ലിം സൈന്യത്തിന്റെ അംഗബലം പതിനായിരവും ഇറാൻ സൈന്യം മുപ്പതിനായിരവുമായിരുന്നു. ഇവരിൽ മുന്നൂറ് ആനകളുമുണ്ടായിരുന്നു. യൂഫ്രട്ടീസ് നദി ഇടയ്ക്കുണ്ടായിരുന്ന കാരണത്താൽ ഇരുകൂട്ടരും കുറച്ചുകാലം യുദ്ധത്തിൽനിന്ന് വിട്ടുനിന്നിരുന്നു. അങ്ങനെ ഇരുകൂട്ടരുടേയും സമ്മതത്തോടെ നദിക്കുമീതെ ഒരു ജിസ്ർ അഥവാ പാലം നിർമിക്കപ്പെട്ടു. ആ പാലം കാരണമായാണ് ഈ യുദ്ധത്തിന് ജിസ്ർ യുദ്ധമെന്ന് പറയുന്നത്. പാലം തയ്യാറായപ്പോൾ ബഹുമൻ ജാദ്‌വയ ഹദ്‌റത്ത് അബൂഉബയ്ദയോടു ആളെ വിട്ട് ഇപ്രകാരം ചോദിച്ചു: നിങ്ങൾ പാലം കടന്ന് ഇങ്ങോട്ടു വരുമോ? അതല്ല പാലം കടന്ന് അങ്ങോട്ടുവരാൻ ഞങ്ങളെ അനുവദിക്കുമോ? ഹദ്‌റത്ത് അബൂഉബയ്ദ അഭിപ്രായപ്പെട്ടത് മുസ്‌ലിം സൈന്യം നദി കടന്ന് എതിർ കക്ഷിയുമായി യുദ്ധം ചെയ്യാമെന്നായിരുന്നു. എന്നാൽ, ഹദ്‌റത്ത് സലീത് അടക്കമുള്ള സേനാനായകന്മാർ ഇതിനോടു എതിർ അഭിപ്രായം പ്രകടിപ്പിച്ചു. അവസാനം ഹദ്‌റത്ത് അബൂഉബയ്ദ് യൂഫ്രട്ടീസ് നദി കടന്ന് പേർഷ്യൻ സൈന്യത്തെ ആക്രമച്ചു. അൽപ സമയം യുദ്ധം തുടരുകയും ശേഷം ബഹുമൻ ജാദ്‌വയ തന്റെ സൈന്യം ചിതറിപ്പോകുന്നതു കണ്ടപ്പോൾ ആനകളെ മുന്നോട്ടുകൊണ്ടുവരാൻ ഉത്തരവു നല്കുകയും ചെയ്തു. ആനകൾ മുന്നോട്ടുവന്നപ്പോൾ മുസ്‌ലീമീങ്ങളുടെ അണികൾ താളം തെറ്റുവാനും ഇസ്‌ലാമിക സൈന്യത്തിന് സ്ഥാനമാറ്റം ഉണ്ടാകാനും തുടങ്ങി. ഹദ്‌റത്ത് അബൂഉയ്ദ് മുസ്‌ലമീങ്ങളോടു പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ ദാസരേ!ആനകളെ ആക്രമിച്ച് അവയുടെ തുമ്പിക്കൈകൾ വെട്ടിമാറ്റുക.' ഇതും പറഞ്ഞ് ഹദ്‌റത്ത് അബൂഉബയ്ദ മുന്നോട്ടു കുതിക്കുകയും ഒരു ആനയെ ആക്രമിച്ച് അവയുടെ തുമ്പിക്കൈ വെട്ടിയിടുകയും ചെയ്തു. ഇതു കണ്ടപ്പോൾ മറ്റുള്ള മുസ്‌ലിം സൈന്യവും യുദ്ധത്തിന്റെ ഗതി വേഗത്തിലാക്കുകയും ആനകളുടെ തുമ്പിക്കൈകളും കാലുകളും വെട്ടുകയും അവയുടെ പുറത്തുള്ളവരെ വധിക്കുകയും ചെയ്തു. യാദൃച്ഛികമായി ഹദ്‌റത്ത് അബൂഉയ്ദ് ഒരു ആനയുടെ മുമ്പിൽപ്പെട്ടുപോയി. അദ്ദേഹം അതിന്റെ തുമ്പിക്കൈ വെട്ടിയെങ്കിൽത്തന്നെയും അതിന്റെ കാലിന്നടിയിൽപ്പെട്ടു ശഹീദായി.

ത്വബരിയുടെ ചരിത്രത്തിൽ ഒരു നിവേദനം ഇപ്രകാരമുണ്ട്. ഹദ്‌റത്ത് അബൂഉബയ്ദ്(റ)ന്റെ ഭാര്യ ദൗമ യുദ്ധത്തിന് തലേന്ന് രാത്രി ഒരു സ്വപ്നം കണ്ടിരുന്നു. ഒരു വ്യക്തി സ്വർഗത്തിൽനിന്ന് ഒരു പാത്രത്തിൽ പാനീയം കൊണ്ടുവന്നു. അത് ഹദ്‌റത്ത് അബൂഉബയ്ദും ജബ്ർ ബിൻ അബൂഉബയ്ദും പാനം ചെയ്തു. അതുപോലെ അവരുടെ കുടുംബത്തിലെ ചിലരും കുടിച്ചു. ദൗമ തന്റെ ഈ സ്വപ്നം ഭർത്താവിനെ കേൾപ്പിചു. ഹദ്‌റത്ത് അബൂ ഉബയ്ദ് പറഞ്ഞു: ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം ശഹാദത്താണ്.അതിനുശേഷം അബൂ ഉബയ്ദ് ജനങ്ങളോടു വസ്വിയ്യത്ത് ചെയ്തു. ഞാൻ ശഹീദായാൽ ജബ്ർ ആയിരിക്കും സൈന്യത്തെ നയിക്കുക. അവനും ശഹീദായാൽ പിന്നെ ഈ ക്രമത്തിൽ ഇന്ന ഇന്ന വ്യക്തികളായിരിക്കും സൈന്യത്തെ നയിക്കുക. അങ്ങനെ ആ സ്വപ്നത്തിൽ സ്വർഗീയ പാനീയം കുടിച്ചവരെ ക്രമാനുസരണം സേനാനായകന്മാരായി അദ്ദേഹം നിശ്ചയിച്ചു. എന്നിട്ടു പറഞ്ഞു, അബൂഖാസിമും ശഹീദായാൽ പിന്നെ നിങ്ങളുടെ സേനാധിപൻ ഹദ്‌റത്ത് മുഥ്ഥാനാ ആയിരിക്കും. ദൗമയുടെ ആ സ്വപ്നം അക്ഷരം പ്രതി പുലർന്നു. ആ യുദ്ധത്തിൽ ഹദ്‌റത്ത് അബൂ ഉബയ്ദിനുശേഷം ക്രമാനുസരണം പറയപ്പെട്ട ആറു വ്യക്തികളും ഇമാറത്തിന്റെ പതാക കൈമാറിക്കൊണ്ടിരുന്നു. എട്ടാമത്തെ വ്യക്തി ഹദ്‌റത്ത് മുഥ്ഥനാ ആയിരുന്നു. അദ്ദേഹം ഇസ്‌ലാമിക പതാകയുമേന്തി പൂർവാധികം ആവേശത്തോടെ ആക്രമണം നടത്താൻ ആലോചിച്ചില്ല. എന്നാൽ, ഇസ്‌ലാമിക സൈന്യത്തിന്റെ അണികൾ ക്രമം തെറ്റിയിരുന്നു. ഏഴ് അമീറുമാർ ഓരോരുത്തരായി ശഹീദായപ്പോൾ അതുകണ്ട് പലരും ഓടാൻ തുടങ്ങുകയും ചിലർ നദിയിൽ വീഴുകയും ചെയ്തു. ഹദ്‌റത്ത് മുഥ്ഥനായും കൂട്ടുകാരും പൗരുഷത്തോടെ യുദ്ധം തുടർന്നു. അവസാനം ഹദ്‌റത്ത് മുഥ്ഥനായ്ക്ക് പരിക്കേറ്റു. അദ്ദേഹം യുദ്ധം ചെയ്തുകൊണ്ടു തന്ന യൂഫ്രട്ടീസ് നദി കടന്ന് തിരികെപ്പോയി. ആ സംഭവത്തിൽ മുസ്‌ലിമീങ്ങൾക്ക് വമ്പിച്ച നാശനഷ്ടമുണ്ടായി. മുസ്‌ലിമീങ്ങളിൽനിന്ന് 4000 പേർ ശഹീദായി. ഇറാൻ സൈന്യത്തിലെ 6000 പേർ വധിക്കപ്പെട്ടു. ഈ പരാജയം നീണ്ട സമയത്തേക്ക് മുസ്‌ലിമീങ്ങൾക്ക് നാശനഷ്ടങ്ങളുണ്ടാക്കാനുള്ള ഹേതുവായി തീരുമായിരുന്നു. എന്നാൽ, ഭാഗ്യം എന്നു പറയട്ടെ പ്രകൃതിതന്നെ ഇസ്‌ലമിനുവേണ്ടി വഴി തുറന്നു. ശത്രുക്കൾക്ക് മുസ്‌ലിമീങ്ങളെ അധികനേരം പിന്തുടരാനായില്ല. ഇറാൻ ദർബാറിൽ പരസ്പര ഭിന്നിപ്പ് ഉടലെടുത്ത കാരണത്താൽ ബഹുമൻ ജാദ്‌വയ്ക്ക് തിരിച്ചുപോകേണ്ടിവന്നു. ഇബ്നു അഥീർ അതിനുള്ള കാരണമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇറാനിന്റെ തലസ്ഥാനമായ മദ്‌യനിൽ ഭരണാംഗങ്ങളിൽ ഒരു കക്ഷി റുസ്തമിനെതിരിൽ വഞ്ചനകാണിച്ചു എന്നതാണ്. *(താരീഖെ ഇസ്‌ലാം ബഅഹദ് ഹദ്‌റത്ത് ഉമർ(റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 18-21)(താരീഖ് ത്വബരീ, മുത്തർജിം വാള്യം 2, പേജ് 229, നഫീസ് അക്കാഡമി കറാച്ചി 2004)(ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 2012)(താരീഖ് ഇബ്നുഖുൽദൂൻ മുത്തർജിം, വാള്യം 3 ഭാഗം 1, പേജ് 270-273 ദാറുൽ ഇശാഅത്ത് കറാച്ചി, 2003)(അൽകാമിലു ഫിത്താരീഖി ലിഇബ്നി അഥീർ പേജ് 311, ബയ്ത്തുൽ ഇഫ്ക്കാറുദ്ദൗലിയ)*

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദും(റ) ജിസ്ർ യുദ്ധത്തെ കുറിച്ച് കുറച്ചു വിവരിച്ചിട്ടുണ്ട്: ഇസ്‌ലാമിനു ഏറ്റവും വലിയതും ഭയാനകവുമായ യുദ്ധമായിരുന്നു ജിസ്ർ. ഇറാനികൾക്കെതിരിൽ മുസ്‌ലിമീങ്ങളുടെ വമ്പിച്ച സൈന്യം പോയി. ഇറാൻ സേനാധിപൻ നദിക്കപ്പുറം തമ്പടിച്ച് മുസ്‌ലിം സൈന്യത്തെ കാത്തുനിന്നു. മുസ്‌ലിം സൈന്യം ആവേശത്തോടെ മുന്നേറി അവരെ ആക്രമിച്ച് ഉന്തിമാറ്റിക്കൊണ്ട് മുന്നോട്ടു നീങ്ങി. എന്നാൽ, അത് ഇറാൻ സൈന്യത്തിന്റെ തന്ത്രമായിരുന്നു. അവർ ഒരു വശത്തുനിന്ന് ഒരു സൈന്യത്തെ അയച്ചുകൊണ്ട് പാലത്തിനുമേൽ പിടിയുറപ്പിച്ചു. എന്നിട്ട് മുസ്‌ലിമീങ്ങൾക്കുമേൽ പുത്തൻ ആക്രമണം നടത്തി. മുസ്‌ലിമീങ്ങൾ ഔചിത്യം നോക്കി പിറകോട്ടടിച്ചു. എന്നാൽ, പാലം ശത്രുക്കളുടെ നിയന്ത്രണാധികാരത്തിൽ കണ്ടതും ഭയന്നുകൊണ്ട് മറുവശത്തേക്ക് മാറിയപ്പോൾ ശത്രുക്കൾ വമ്പിച്ച ആക്രമണം നടത്തി. മുസ്‌ലിമീങ്ങളുടെ വലിയഭാഗം നദിയിൽ ചാടാൻ നിർബന്ധിതരാകുകയും മരിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങൾക്ക് നേരിട്ട ഈ വമ്പിച്ച നഷ്ടം അറിഞ്ഞപ്പോൾ മദീനപോലും വിറച്ചുപോയി. ഹ്ദറത്ത് ഉമർ(റ)മദീനവാസികളെ ഒരിടത്തു വിളിച്ചുകൂട്ടി പറഞ്ഞു: ഇനി മദീനയ്ക്കും ഇറാനും ഇടയിൽ ഒരു തടസവും ബാക്കിയില്ല. മദീന പൂർണമായും തുറന്നുകിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം ശത്രുക്കൾ ഇവിടെ എത്തിയെന്നു വരാം. അതുകൊണ്ട് ഞാൻ നേരിട്ട് കമാണ്ടറായി പോകാനാണ് ആഗ്രഹിക്കുന്നത്. മറ്റുള്ളവർ ആ അഭിപ്രായത്തെ ഇഷ്ടപ്പെട്ടുവെങ്കിലും ഹദ്‌റത്ത് അലി പറഞ്ഞു: ദൗർഭാഗ്യവശാൽ താങ്കൾക്ക് ആപത്തുണ്ടായാൽ മുസ്‌ലിമീങ്ങൾ ഛിന്നഭിന്നമാകുകയും അവരുടെ അഖണ്ഡതയ്ക്ക് വിള്ളലേൽക്കുകയും ചെയ്തേക്കാം. അതുകൊണ്ട് മറ്റാരെയെങ്കിലും പറഞ്ഞയച്ച് താങ്കൾ ഇവിടെ നില്ക്കുന്നതാണുത്തമം. അപ്പോൾ ശാമിൽ റോമക്കാരുമായി യുദ്ധത്തിൽ വ്യാപൃതനായിരുന്ന ഹദ്‌റത്ത് സഅ്ദിന് ഹദ്‌റത്ത് ഉമർ പറ്റാവുന്നത്ര സൈന്യത്തെ മദീനയിലേക്കയക്കാനും ഇവിടെ ഇപ്പോൾ തീർത്തും അസുരക്ഷിതമായിരിക്കുകയാണെന്നും ശത്രുക്കളെ ഉടനടി തടഞ്ഞില്ലെങ്കിൽ അവർ മദീനയെ പിടിച്ചടക്കുമെന്നുള്ള സന്ദേശം അയച്ചു.

ഈ വിവരണം ഇൻശാഅല്ലാഹ് തുടരുന്നതായിരിക്കും. ഈ യുദ്ധത്തെ കുറിച്ചുള്ള കൂടുതൽ വിശദീകരണവും മറ്റു യുദ്ധങ്ങളുടെ വിവരണങ്ങളും വഴിയെ നല്കുന്നതായിരിക്കും.

ഇവിടെ ഇനി ചില പരേതാത്മാക്കളെ സ്മരിക്കാനാഗ്രഹിക്കുകയാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം ഫത്ഹി അബ്ദുസ്സലാം സാഹിബിന്റേതാണ്. ഫത്ഹീ അബ്ദുസ്സലാം മുബാറക് സാഹിബ് എന്നാണ് മുഴുവൻ പേര്. ഇദ്ദേഹം ഈജിപ്റ്റുകാരനായിരുന്നു. 75-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ പിതാവ് നഖ്ശ്ബന്ദി ത്വരീഖത്തുകാരനായിരുന്നു. ഇദ്ദേഹം തന്റെ ഒരു മകനെ ദീനീസേവനത്തിന് വഖ്ഫു ചെയ്യാനുള്ള പ്രതിജ്ഞ ചെയ്തിരുന്നു. ഫത്ഹി സാഹിബിനെയായിരുന്നു അതിന് തിരഞ്ഞെടുത്തത്. 10-ാമത്തെ വയസ്സിൽ ഫത്ഹി സാഹിബ് ഹാഫിള്വായി. വിശുദ്ധ ഖുർആനോടുള്ള സ്നേഹം നിമിത്തം ഹാഫിള് സാഹിബിനോടൊപ്പം അദ്ദേഹത്തിന്റെ പിതാവും ഖുർആൻ മനഃപ്പാഠമാക്കാൻ തുടങ്ങുകയും മനഃപ്പാഠമാക്കുകയും ചെയ്തു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ പിതാവ് 88-ാം വസ്സിൽ ബയ്അത്തു ചെയ്തു. ഖുർആൻ മനഃപ്പാഠമാക്കിയ ശേഷം ഫത്ഹീ സാഹിബ് അൽഅള്ഹറിന്റെ കീഴിൽ ഹൈസ്കൂൾ പഠനം നടത്തുകയും വളരെ ഉന്നത മാർക്കോടെ പാസ്സാകുകയും ഖാഹിറ യൂണിവേഴ്സിറ്റിയിൽനിന്നും എൻജിനിയറിംഗിൽ ബിരുദം കരസ്ഥമാക്കുകയും ചെയ്തു. പഠിക്കുന്ന കാലം മുതലെ വായനയിൽ അതീവ താൽപര്യം കാരണമായി പോക്കറ്റുമണിയിൽ നിന്ന് കാശു സംഭരിച്ച് പുസ്തകങ്ങൾ വാങ്ങുകയും വായിക്കുകയും ചെയ്യുമായിരുന്നു.

ഈജിപ്റ്റിലെ എയർഫോഴ്സിൽ ഓഫീസറായി നിയമിതനായി. ഫോഴ്സിൽ അദ്ദേഹത്തിന്നെതിരെ ഒരു ആക്ഷേപം ഉയർന്നത് അദ്ദേഹം ചില വിപ്ലവകാരികളായ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിഗൂഢപദ്ധതികളിൽ ഭാഗഭാക്കായിരുന്നു എന്നാണ്.സത്യത്തിൽ അദ്ദേഹം അതിനെതിരായിരുന്നു. അവരുടെ സംസ്കരണത്തിന്ന് ശ്രമിച്ചിരുന്നു. പ്രസ്തുത ആരോപണത്തെ തുടർന്ന് അദ്ദേഹത്തിന് കുറച്ചു കാലം ജയിൽവാസം അനുഭവിക്കേണ്ടിവന്നു. തുടർന്ന് ജയിൽമോചിതനായി. അതിനുശേഷം അദ്ദേഹം ഇറാഖിലേക്കു പോയി. കുറച്ചു കാലം അവിടെ എൻജിനിയറായി ജോലി ചെയ്തു. 1991-ൽ ഇറാഖിൽ യുദ്ധം നടക്കുമ്പോൾ അദ്ദേഹം വളരെ അപകടകരമായ അവസ്ഥയിലായിരുന്നു കഴിഞ്ഞത്. അദ്ദേഹം താമസിച്ചിരുന്ന പ്രദേശത്ത് ഒരു രാത്രി 10 ബോംബുവീണു. അദ്ദേഹം കുടുംബത്തോടൊപ്പം ദുആയിൽ മുഴുകി. അല്ലാഹു അത്ഭുതകരമാം വണ്ണം അവരെ രക്ഷിച്ചു. പിന്നീട് അദ്ദേഹം ഉർദനിലേക്കു പോയി. അവിടെ മുഅതസലീ വിഭാഗത്തിൽ ചേർന്നു. പിന്നീട് ഈജിപ്റ്റിലേക്ക് വന്നു. കുറെയൊക്കെ അഹ്‌ലുൽ ഖുർആനിൽ ആകൃഷ്ടനായി. അവിടന്നാണ് ജമാഅത്തിനെ കുറിച്ച് അറിയുന്നത്. അഹ്മദിയ്യത്തിൽ അദ്ദേഹത്തിന് ചോദ്യങ്ങൾക്കുള്ള മറുപടി ലഭിച്ചപ്പോൾ അദ്ദേഹം ബയ്അത്തു ചെയ്തു. ഫത്ഹീ സാഹിബ് ബയ്അത്തിന്റെ സംഭവം ഇങ്ങനെ വിവരിച്ചിട്ടുണ്ട്. 1995-ൽ ഈജിപ്റ്റിലെ ഒരു വൈജ്ഞാനിക കേന്ദ്രമായ ഇബ്നുഖുൽദൂനിൽ വിവിധ പ്രഭാഷണങ്ങൾ നടക്കുകയായിരുന്നു. അവിടെ എനിക്ക് പ്രസംഗിക്കാനും വിവിധ വിഷയങ്ങളിലുള്ള ചോദ്യങ്ങൾക്ക് മുറുപടി പറയാനുമുള്ള തൗഫീഖ് ലഭിച്ചു.1998-ൽ ബഹുമാനപ്പെട്ട മുസ്തഫാ ഥാബിത്ത് സാഹിബ് ആ കേന്ദ്രത്തിൽ വെച്ച് എന്റെ പ്രസംഗം കേട്ടപ്പോൾ എന്നെ വളരെ പ്രശംസിച്ചു. എന്നെ വീട്ടിലേക്ക് ക്ഷണിച്ചു. അവിടെ അദ്ദേഹം എനിക്ക് മൂന്നു മണിക്കൂർ വീഡിയോ കാസറ്റ് കാണിച്ചുതന്നു. അതിൽ ബഹുമാനപ്പെട്ട ഹിൽമി അശ്ശാഫി സാഹിബ് മർഹൂം ദജ്ജാലിനെക്കുറിച്ച് ഹദീഥുകളിൽ വന്നിട്ടുള്ള കാര്യങ്ങളെ കുറിച്ച് നല്കിയ വ്യാഖ്യാനം എനിക്ക് നന്നേ ഇഷ്ടപ്പെട്ടു. ഫത്ഹീ സാഹിബ് പറയുന്നു: ഞാൻ ചോദിച്ചപ്പോൾ ഥാബിത്ത് സാഹിബ് മർഹൂം പറഞ്ഞു: ദജ്ജാലിന്റെ ഘാതകനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീറാണിത്. 1999 ൽ ഥാബിത്ത് സാഹിബ് എനിക്ക് ഇസ്‌ലാംമത തത്ത്വജ്ഞാനം എന്ന ഗ്രന്ഥം നല്കി. അത് എന്റെ ഉള്ളിൽ ശക്തമായി പരിവർത്തനമുണ്ടാക്കി. ഞാൻ ഇമാം മഹ്ദി(അ)യെ കുറിച്ച് ശക്തമായ പഠനം നടത്താനാഗ്രഹിച്ചു. ഞാൻ എന്റെ സ്വയം കണ്ടെത്തുലുകളിലൂടെ നാസിഖ് മൻസൂഖ് -ഖുർആനിക വചനങ്ങൾ കാലഹരണപ്പെടുന്നതു സംബന്ധിച്ചുള്ള വിശ്വാസത്തെ അബദ്ധമായും വിശുദ്ധ ഖുർആന്റെ അന്തസിന് നിരക്കാത്തതായും കണക്കാക്കിയിരുന്നു. അതുപോലെ മതസ്വാതന്ത്ര്യവും ഞാൻ അനുവദനീയമായി കണ്ടിരുന്നു. അഹ്മദിയ്യത്തിനെ കുറിച്ച് ഞാൻ പഠിച്ചപ്പോൾ അഹ്മദയ്യത്ത് ഇക്കാര്യങ്ങൾ പ്രചരിപ്പിക്കുന്നതായി എനിക്ക് കാണാൻ സാധിച്ചു. ചില ഖുർആനിക വചനങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ മുസ്തഫാഥാബിത്ത് സാഹിബ് എനിക്ക് വിശുദ്ധ ഖുർആനിന്റെ ഫൈവ് വാള്യം കമന്ററി നല്കി. എന്നിട്ടു പറഞ്ഞു: ഇതിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയുണ്ട്. അതിൽ എന്റെ എല്ലാ ചിന്താരീതിക്കും പ്രതീക്ഷയ്ക്കും അനുഗുണമായ നിലയിൽ മറുപടി എനിക്ക് കാണാനായി. ഫത്ഹീ സാഹിബ് പറയുന്നു: ഞാൻ കരുതി ദൈവികവെളിപാടിനെ കുറിച്ച് വ്യാജവാദം പുറപ്പെടുവിക്കുക കൊടും പാപമാണ്. എന്നാൽ, ഇമാം മഹ്ദി(അ)കൊണ്ടുവന്ന കാര്യങ്ങളെല്ലാം തന്നെ സത്യസന്ധവും സന്മാർഗസമ്പൂർണവും ആത്മീയാധിഷ്ഠിതവുമാണ്. ഒന്നോ രണ്ടോ അർഥം ആരെങ്കിലുമൊക്കെ പറയുമായിരിക്കാം. എന്നാൽ, ഇത്രയധികം സത്യസന്ധമായ വിവക്ഷിതങ്ങളും ഇത്ര കൂടുതൽ അളവിലൂടെ ഈ നൂറ്റാണ്ടിൽ ആർക്കും അല്ലാഹു നല്കിയിട്ടില്ല. എന്നിരിക്കെ ദൈവിക വെളിപാട് ലഭിക്കുന്നുവെന്ന് വാദിക്കുന്ന ഒരു മഹാപാപിക്ക് അല്ലാഹു ഇത്ര മഹത്തായ അനുഗ്രഹം നല്കുമോ? അവസാനം ദുആയോടെ വായനയിൽ മുഴുകി. വിചിന്തനം ചെയ്തു. 2001-ൽ മുസ്തഫാ ഥാബിത്ത് സാഹിബ് ഈജിപ്റ്റിൽ വന്നപ്പോൾ ഞാൻ ഇമാം മഹ്ദി(അ)യിൽ വിശ്വസിക്കാനാണ് ഇവിടെ വന്നതെന്ന് അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം വികാരഭരിതനായതിനാൽ നിമിഷനേരത്തേക്ക് എന്റെ വാക്കുകൾ വിശ്വസിക്കാനായില്ല. അതിനുശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. അർഥങ്ങളുടേയും വിവക്ഷിതങ്ങളുടേയും ഒരു മഹാസമുദ്രം എന്റെ മുമ്പിൽ അതിലൂടെ അലയടിച്ചുയരാൻ തുടങ്ങി. ഫത്ഹീ സാഹിബിന്റെ ജമാഅത്തിനുവേണ്ടിയുള്ള വൈജ്ഞാനികസേവനം എന്നത് 2005-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ ഹയാത്തെ മുഹമ്മദ് (സ)എന്ന ഗ്രന്ഥം(Life oF Muhammad) അറബിയിൽ ചെയ്തതാണ്. 'അൽഹിവാറുൽമുബാശിർ' പരിപാടിയിൽ അദ്ദേഹം പങ്കെടുക്കാറുണ്ടായിരുന്നു. വളരെ ആവേശത്തോടെ പ്രമാണ ബദ്ധവും വിശദവുമായ മറുപടി ന്‌ലകുമായിരുന്നു. അത് അഹ്മദി സഹോദരന്മാർ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. ഒരു ഈജിപ്ഷ്യൻ ക്രിസ്ത്യാനി വിശുദ്ധ ഖുർആനിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് സീരീസ് നടത്തിയിരുന്നു. **ഹല്ലുൽ ഖുർആൻ കലാമുല്ലാഹ്?** അതായത് ഖുർആൻ ദൈവഗ്രന്ഥമോ? എന്നതായിരുന്നു വിഷയം. അതിനു മറുപടിയായി ഫത്ഹീ സഹീബ് 2006-ൽ പ്രോഗ്രാമുകളുടെ ഒരു സീരീസ് തയ്യാറാക്കി അതിന്റെ പേരായിരുന്നു, **'നഅം ഇന്നഹൂ കലാമുല്ലാഹി!'** അതേ! തീർച്ചയായും അത് ദൈവഗ്രന്ഥമാണ്. അതുപോലെ റൂഹുൽഖുദുസ് എന്ന പേരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഖസീദകളുടെ വ്യാഖ്യാനം ചെയ്തുകൊണ്ടുള്ള ഒരു പരിപാടി അവതരിപ്പിച്ചു. അതിൽ ഖസീദകളുടെ വാചികവും അർഥപരവുമായ സവിശേഷതകളെ വളരെ മനോഹരമായ നിലയിൽ വ്യാഖ്യാനിക്കുകയുണ്ടായി. അതു കൂടാതെയും പലപരിപാടികളിലും പങ്കെടുത്തുകൊണ്ടിരുന്നു. 'നബുആത്ത് തഹഖ്ഖഖത്ത്' അതായത് പുലർന്ന് പ്രവചനങ്ങൾ, ഫീ സമാവാത്തിൽ ഖുർആൻ ബറാഹീനെ അഹ്മദിയ്യായുടെ വൈജ്ഞാനിക പൊരുൾ, ഇസ്‌ലാമിക ചരിത്രവും ഖാത്തമുന്നബിയ്യീനും തുടങ്ങിയവയുമുണ്ട്.

ഇതുകൂടാതെ അദ്ദേഹത്തിന്റെ ജമാഅത്തു പരമായ സേവനങ്ങളുമുണ്ട്. തദ്ദേശ ജമാഅത്തിൽ ദീർഘകാലം സെക്രട്ടറി തബ്‌ലീഗായി സേവനം അനുഷ്ഠിച്ചു. സ്വയമേവ വഖ്ഫു ചെയ്തു. ഒരുപാടു കാലം വഖ്ഫെ സിന്ദഗീ എന്ന നിലയിൽ ജമാഅത്തിനെ സേവിച്ചു. ജമാഅത്ത് സെന്ററിൽ ദർസ് നല്കുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഇബ്റാഹീം ഫത്ഹീ പറയുന്നു: അബ്ബാജാൻ മർഹൂം സൂറ ഫാത്തിഹായുടെ വെളിച്ചത്തിൽ സത്യനിഷ്ഠമായ ജീവിതം കാഴ്ചവെച്ച ആളായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഖിലാഫത്തിന്റെ അനുഗ്രഹ വെളിച്ചത്താൽ പ്രശോഭിതമായിരുന്നു. കാലത്തിന്റെ ഖലീഫയോടു സവിശേഷമായ സ്നേഹവും ആദരവുമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സകല പ്രയാസങ്ങളുടേയും പരിഹാരവും എല്ലാ ദുഷ്കരമായ വിഷയങ്ങളും മനസ്സിലാക്കാനും അതുപോലെ ദൈവത്തിലേക്ക് നയിക്കുന്ന പാത ഗ്രഹിക്കാനുമുള്ള ഏകവഴി ഖിലാഫത്തായിരുന്നു. ഇദ്ദേഹം എഴുതുന്നു: വന്ദ്യപിതാവ് വാക്കിലും പ്രവൃത്തിയിലും സത്യസന്ധതകാണിക്കുന്ന വ്യക്തി എന്ന നിലയ്ക്ക് പ്രശസ്തനായിരുന്നു. ഏതു പ്രവൃത്തി ചെയ്യുമ്പോഴും അതിനു മുമ്പേ ദുആ ചെയ്ത് ദൈവത്തിന്റെ മുമ്പിൽ വിലപിക്കുമായിരുന്നു. ആരെങ്കിലും തന്നെ ഉപദേശിക്കുക എന്നു പറഞ്ഞാൽ അദ്ദേഹം എപ്പോഴും പറഞ്ഞിരുന്നത് ദുആ ചെയ്യുക, നേർമാർഗം കാണിച്ചുതരാൻ അല്ലാഹുവിനോടു തേടുക. കാലത്തിന്റെ ഖലീഫയ്ക്ക് ദുആക്ക് കത്തെഴുതുക. ആഴത്തിലുള്ള ജ്ഞാനവും വിപുലമായ അറിവുമുള്ള വ്യക്തിയായിരുന്നു. എല്ലാ തരം അറിവുകളുടേയും പുസ്തകം വായിക്കുമായിരുന്നു. പുത്തൻ ചിന്താധാരകളേയും ആധുനികപഠനങ്ങളേയും മനസ്സിലാക്കാൻ ശ്രമിക്കുമായിരുന്നു. ഗ്രന്ഥപാരായണം ചെയ്തതിന്റെ രത്നചുരുക്കവും അറിവിന്റെ സൂക്ഷ്മമായ ധാർമിക തലങ്ങളും മനസ്സിലാക്കാനും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാനും സമയം ചെലവഴിക്കുമായിരുന്നു. ക്ലാസ്സും ദർസുമെടുക്കുന്ന അദ്ദേഹത്തിന്റെ ശൈലി അതീവ സുന്ദരമായിരുന്നു. അതിനിടയിൽ ഫലിതങ്ങളും പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ എപ്പോഴും പാരായണം ചെയ്യുമായിരുന്നു. അവയിൽനിന്ന് വൈജ്ഞാനിക മുത്തുകൾ ശേഖരിച്ച് നിത്യജീവിതത്തിൽ അവയെ വഴിവിളക്കാക്കുമായിരുന്നു. വെള്ളിയാഴ്ച നടത്തുന്ന പ്രഭാഷണങ്ങളിലും എം.ടി.എ യിലെ പരിപാടികളിലും ആ അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുമായിരുന്നു. ദീനീ സേവനത്തിൽ അതീവ തൽപരനായിരുന്നു. തുടർന്നു പറയുന്നു, ആശുപത്രിയിൽ അഡ്മിറ്റായപ്പോൾ ശ്വാസമെടുക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നിട്ടു കൂടി നേഴ്സുമാരെ അഹ്മദിയ്യത്തിലേക്ക് ക്ഷണിക്കുമായിരുന്നു. ഉന്നത ധാർമിക ഗുണങ്ങളെ കുറിച്ച് ജനങ്ങളെ ഉപദേശിക്കുന്നതോടൊപ്പം അവ വീട്ടിൽ സ്വയം പ്രാവർത്തികമാക്കുകയും ചെയ്തിരുന്നു. ക്ഷേമത്തിലും ക്ഷാമത്തിലും സത്യവും ഭക്തിയും മുറുകെ പിടിച്ചിരുന്നു. അല്ലാഹുമായുള്ള കൂടിക്കാഴ്ചയ്ക്ക് അദ്ദേഹം വെമ്പൽകൊണ്ടിരുന്നു. ഈ ലോകം നിരർഥമാണെന്ന് എപ്പോഴും പറയുമായിരുന്നു. ഈ ലോകത്തുവച്ച് പരലോകത്തിനുവേണ്ടി കർമങ്ങൾ ചെയ്യുകയാണ് യഥാർഥ മോക്ഷം. അല്ലാഹുവുമായി സന്ധിക്കുന്നതിൽ താൽപര്യം എപ്പോഴും സംസാരത്തിൽ പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു:

അവസാന നാളുകളിൽ ഞാൻ വിഷമിക്കുന്നതു കാണുമ്പോൾ എന്റെ അടുത്തിരുന്ന് ആവർത്തിച്ചാവർത്തിച്ച് സൂറ ഫാതിഹയും സ്വലാത്തും ചൊല്ലാൻ പറയുമായിരുന്നു. കാരണം ദൈവത്തിന്റെ ഇംഗിതത്തോടെയാണ് രോഗശാന്തി ലഭിക്കുക. അവനുതന്നെയാണ് മരുന്നതിനെക്കുറിച്ച് അറിവുള്ളത്. അവന്റെ ഇംഗിതം കൂടാതെ വൈദ്യശക്തിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എനിക്ക് ഈ ലോകത്തെ കുറിച്ച് ഒരു ചിന്തയുമില്ല. അല്ലാഹുവിനെ കണ്ടുമുട്ടാനാണ് ഞാനാഗ്രഹിക്കുന്നത്. മകൻ തുടർന്നെഴുതുന്നു. എന്റെ മാതാവ് പറയുകയുണ്ടായി: എന്റെ ഭർത്താവ് മറ്റെല്ലാ കാര്യങ്ങളെക്കാളും ജമാഅത്തിന്റെ സേവനത്തെ മുന്തിച്ചിരുന്നു. വീടിനു പുറത്തുള്ള പ്രബോധനത്തിനായിരുന്നു ഏറിയ സമയവും ചെലവഴിച്ചിരുന്നത്. അതിന്റെ ഐശ്യര്യത്താൽ ഞങ്ങളുടെ മക്കളെ അല്ലാഹുവും അത്ഭുതകരമാം വിധം സംരക്ഷിച്ചിരുന്നു.

ഡോക്ടർ ഹാതിം ഹിൽമീ അശ്ശാഫി സാഹിബ് എഴുതുന്നു: നമ്മുടെ സഹോദരനും ഗുരുവുമായ ബഹുമാനപ്പെട്ട ഫതീഹ് അബ്ദുസ്സലാം സാഹിബ് അല്ലാഹു വിശുദ്ധ ഖുർആനിൽ സൂചിപ്പിച്ച 'വിശ്വാസികളിൽ ചിലർ അല്ലാഹുവിനോടു ചെയ്ത പ്രതിജ്ഞ നിറവേറ്റിയവരായുണ്ട്' എന്നു പറഞ്ഞ സാധാരണ ഗണത്തിൽപെടുന്ന വ്യക്തിയായിരുന്നു. ഡോക്ടർ ഹാതിം സാഹിബ് പറയുന്നു: ബയ്അത്ത് ചെയ്തതുമുതൽ മരണംവരെ അദ്ദേഹത്തെ ഞാനൊരു അസാധാരണ മനുഷ്യനായി കണ്ടു. അദ്ദേഹത്തിന് അല്ലാഹുവിലും അവന്റെ സിഫത്തുകളിലും തൗഹീദിലുമുള്ള സ്നേഹം ഒരു ലഹരിയായിരുന്നു. നബി(സ) തിരുമേനിയുടേയും വിശുദ്ധ ഖുർആനിന്റേയും അനുരാഗിയായിരുന്നു. സൂറഫാത്തിഹയോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ചിരുന്നു. മസീഹ് മൗഊദ്(അ)ന്റെ സൂറ ഫാത്തിഹ തഫ്സീറിന്റെ വിഹായസ്സിൽ പറന്നുയരുന്നതായി അദ്ദേഹം അമൂല്യമായ ദറസുകൾ നല്കുമ്പോൾ കാണാമായിരുന്നു.

ഉർദനിലെ ഹുസയ്നുൽമിസ്രി സാഹിബ് എഴുതുന്നു: ഫത്ഹീ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഖാദിയാനോടും പ്രേമമുള്ള വ്യക്തിയായിരുന്നു. ഖിലാഫത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസം ദൃഢഗാഢമായിരുന്നു. പണ്ഡിതശ്രേഷ്ഠനായിരുന്നു. തന്റെ ഒരു സംഭവം വിവരിച്ചുകൊണ്ടു പറയുന്നു: ഞാൻ 2018-ൽ ഖാദിയാൻ ജൽസയിൽ അദ്ദേഹത്തോടൊപ്പം ജൽസയ്ക്ക് വന്നു. ഞാൻ ഖാദിയാനിലെത്തിയപ്പോൾ എന്നെ സറായെ വസീമിലാണ് താമസിപ്പിച്ചത്. അവിടെ ഫത്ഹീ സാഹിബ് എന്നോടു വളരെ സ്നേഹം പ്രകടിപ്പിച്ചു. ജൽസ കഴിഞ്ഞാൽ രാത്രി എന്നോടൊത്ത് ബറാഹീനെ അഹ്മദിയ്യായിലെ കാര്യങ്ങൾ സംസാരിക്കുമായിരുന്നു. ഇതു നമ്മുടെ പ്രിയതമന്റെ നാടാണ്.പ്രിയതമന്റെ പ്രദേശമാണ്. ഞങ്ങൾ ഒരുമിച്ച് ഖാദിയാനിലെ പുണ്യസ്ഥലങ്ങൾ കണ്ടു. ഇദ്ദേഹം പറയുന്നു: എനിക്ക് അത്ഭുതം തോന്നി. ഫത്ഹീ സാഹിബിന് എല്ലാ സ്ഥലങ്ങളും അതിന്റെ ചരിത്രങ്ങളും വിശദമായി അറിയാമായിരുന്നു. ഖാദിയാനിൽനിന്ന് തിരിച്ചുവരേണ്ട ദിവസം ഞങ്ങൾ സുബ്ഹി നമസ്കാരാനന്തരം ബയ്ത്തുദ്ദിക്റിലും ബയ്ത്തുദ്ദുആയിലും പോയി. അവിടെ അദ്ദേഹത്തിന്റെ വിനയവും രോദനവും കണ്ട് എനിക്കും പിടിച്ചുനിൽക്കാനായില്ല. അവിടെനിന്ന് ദുആ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ബിഹിശ്തി മഖ്ബറയിലേക്ക് പോകുന്ന വഴിയുടെ കവലയെത്താറായപ്പോൾ അദ്ദേഹം വിഷമത്തോടും പരിഭ്രമത്തോടും അങ്ങും ഇങ്ങും നോക്കാൻ തുടങ്ങി. കുറച്ചു കഴിഞ്ഞ് ഞാൻ കാര്യം തിരക്കിയപ്പോൾ കരയുകയും വിതുമ്പുകയും നിലത്ത് സുജൂദിൽ വീഴുകയും ചെയ്തു. എന്നിട്ടെഴുന്നേറ്റ് ആകാശത്തേക്ക് കൈകളുയർത്തി ഗദ്ഗദത്തോടെ പറഞ്ഞു:അല്ലയോ നാഥാ! എന്റെ പ്രിയതമന്റെ അയൽപക്കത്ത് താമസിക്കുന്നത് എനിക്കെത്രയും പ്രിയങ്കരമാണെന്ന് നിനക്കറിയുന്നതാണല്ലോ? നിനക്കറിയാം ഇന്നത്തെ രാത്രി ഞാൻ ഇവിടെത്തന്നെ തങ്ങാൻ ആഗ്രഹിക്കുന്നുവെന്ന്. എന്നാൽ, കുറച്ചു കഴിഞ്ഞാൽ ഞങ്ങളുടെ യാത്രയ്ക്കുള്ള സമയമാകും. ഈ സംഭവമുണ്ടായ ദിവസം അന്ന് തിരിച്ചുപോകണമെന്ന് അദ്ദേഹത്തിന് അറിവു ലഭിച്ചിരുന്നു. പറഞ്ഞു: നീ എല്ലാ കാര്യത്തിനും ശക്തനാണ്. എല്ലാ കാര്യങ്ങളും നിന്റെ നിയന്ത്രണത്തിലാണ്. നിന്റെ ഇംഗിതത്തോടെയാണ് എല്ലാ കാര്യങ്ങളും നടക്കുക. നിയമങ്ങൾ നടപ്പിലാക്കുന്നതും അതിൽമാറ്റം വരുത്തുന്നതും നീ തന്നെ. എന്റെ യാത്ര നീ മാറ്റി വെക്കേണമേ. അങ്ങനെ ഏതാനും മണിക്കൂർ കൂടി എന്റെ കണ്ണുകൾക്ക് കുളിർമ ലഭിക്കുന്നതാണ്. പിന്നെ വണ്ടി വന്നു നിന്നു. അന്ന് അദ്ദേഹത്തിന് വിവരം ലഭിച്ചിരുന്നതാണ്. അദ്ദേഹത്തിനു സീറ്റും ലഭിച്ചിരുന്നതാണ്. ഫത്ഹീ സാഹിബിന്റെ സാധനങ്ങളും വണ്ടിയിൽവച്ചു. കുറച്ചുസമയം കഴിഞ്ഞ് സറായെ വസീമിൽ ഫത്ഹീ സീഹിബിന്റെ ശബ്ദ മുയർന്നു. അല്ലാഹു അക്ബർ അല്ലാഹു അക്ബർ അദ്ദേഹം പറയുന്നു: എന്റെ കരുണാനിധിയായ നാഥൻ എന്റെ പ്രാർഥന കേട്ടു. എന്റെ യാത്ര മാറ്റിവച്ചു. അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുന്നതിൽ വ്യാപൃതനായിരുന്നു. പറയുന്നു: ഞാൻ വണ്ടിയിൽനിന്നിറങ്ങിയപ്പോൾ അദ്ദേഹം ശക്തിയോടെ എന്നെ ആശ്ലേഷിച്ചു. എന്നിട്ട് ചോദിച്ചു: താങ്കൾ കണ്ടില്ലേ? എപ്രകാരം അല്ലാഹു നമ്മുടെ പ്രിയപ്പെട്ട മസീഹ് മൗഊദിന്റെ ഐശ്വര്യത്താൽ നമ്മുടെ പ്രാർഥന സ്വീകരിച്ചത്? എപ്രകാരം അവൻ ദുആസ്വീകരിക്കുന്നതെന്ന് കണ്ടില്ലേ? അപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞു. അദ്ദേഹത്തെ കണ്ടപ്പോൾ എന്റെ കണ്ണുകളും നിറഞ്ഞു. അദ്ദേഹം പറഞ്ഞു: ഇന്നാണ് എന്റെ ഫ്ളൈറ്റ് എന്നത് സംഘാടകർക്ക് പറ്റിയ തെറ്റായിരുന്നു. യഥാർഥത്തിൽ അന്നയിരുന്നില്ല എന്റെ ഫ്ളൈറ്റ്. അടുത്ത ദിവസമോ പിന്നീടോ ആയിരുന്നു. ഇദ്ദേഹം പറയുന്നു: ഫത്ഹീ സാഹിബിന് തന്റെ മരണത്തെ കുറിച്ചും കാലേകൂട്ടി അറിയാമായിരുന്നു. അക്കാര്യം അദ്ദേഹം ഹുസയ്ൻ സാഹിബിനോടു പറഞ്ഞിരുന്നു. അദ്ദേഹം എം.ടി.എയിൽ നടത്തിക്കൊണ്ടിരുന്ന പരിപാടി ഇനി എങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്നും സ്വയം മാർഗനിർദേശം നല്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു വെളിപാടുണ്ടായിരുന്നു. **യദ്ഊന ലക്ക അബ്ദാലു ശ്ശാമി വ യിബാദുല്ലാഹി മിനൽഅറബി** അതായത് നിനക്കുവേണ്ടി ശാമിലെ പുണ്യാത്മാക്കളും അറേബ്യയിലെ ദൈവദാസരും ദുആ ചെയ്യുന്നുവെന്ന്! ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇതെന്താണ് കാര്യമെന്നും എപ്പോൾ എങ്ങനെ വെളിപ്പെടുമെന്നും അല്ലാഹുവാണ് അറിയുന്നത്. വല്ലാഹു അഅ്ലമു ബിസ്സവാബ്. *(തദ്കിറ നാലാം പതിപ്പ്, പേജ് 100)*

എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എവിടെയൊക്കെ അറബികളുടെ ജമാഅത്തുകൾ സ്ഥാപിതമാകുന്നുവോ അവരിലും ഇപ്പോൾ ഞാൻ ഫത്ഹീ സാഹിബിന്റെ ഉദാഹരണം പറഞ്ഞതുപോലെ അതായത് അല്ലാഹു ഏതുരീതിയിലാണ് അറബികളിൽ ആത്മാർഥരായ ആളുകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മേൽ സ്വലാത്തും സലാമും ചൊല്ലുകയും സ്നേഹത്തിന്റേയും പ്രേമത്തിന്റേയും അനുരക്തിയുടേയും പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നതെന്ന കാര്യം നമ്മുടെ മുമ്പിൽ വരുന്നുണ്ട്. ഇക്കാര്യത്തിന് സാക്ഷ്യം നല്കിക്കൊണ്ട് ഹാത്തിം സാഹിബും എഴുതുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അവിടത്തെ ഗ്രന്ഥങ്ങളോടും പദ്യങ്ങളോടുമുള്ള ഫത്ഹീ സാഹിബിന്റെ സ്നേഹം വിവരണാതീതമാണ്.'

ഖിലാഫത്തിന്റെ ദർശനഭാഗ്യം ലഭിച്ചാൽ ദൈവസ്തോത്രത്തിന്റേയും ദൈവത്തോടുള്ള നന്ദിയുടേയും ഗിതങ്ങൾ ആലപിക്കുമായിരുന്നു. ആ ദൈവപാശത്തെ അദ്ദേഹം മുറുകെ പിടിച്ചിരുന്നു. ഖിളാഫത്തിനോടുള്ള അനുസരണത്തിൽ വിലയം പ്രാപിച്ചിരുന്നത് ഞാനും കണ്ടിട്ടുണ്ട്. ഞാനുമായി കൂടിക്കാഴ്ച നടത്തുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ സ്നേഹം പ്രതിഫലിക്കുമായിരുന്നു. ഓരോ ചലനങ്ങളിലും അതു പ്രകടമായിരുന്നു. അതു തുളുമ്പുമായിരുന്നു. ആ അവസ്ഥ അസാധാരണമായിരുന്നു. അതോടൊപ്പം വളരെയധികം മര്യാദയും ബഹുമാനവുമായിരുന്നു. വലിയ വൈജ്ഞാനിക ലേഖനവുമായി വരുമായിരുന്നു. അദ്ദേഹത്തിന്റെ ഏതെങ്കിലും കാര്യം

(ശേഷം പേജ് 10 ൽ)

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 14:36)*

## ഹദീഥുന്നബ്വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ്' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

**2019 ഒക്ടോബർ 5 ശനിയാഴ്ച (വനിതകളോടുള്ള ഹുദൂറിന്റെ പ്രഭാഷണം തുടർച്ച.......)**

സ്വന്തം മാതൃകകളോടൊപ്പം പ്രാർഥനകളോടെ ഉന്നതവും മഹനീയവുമായ ശിക്ഷണം നടത്തേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടി സ്വന്തം മക്കളെ ഒരു വിലപിടിച്ച നിധിയുടെ രൂപത്തിൽ ജമാഅത്തിന് നല്കിയിരിക്കുന്ന വ്യക്തികളാണ് ഈ മാതാക്കളെന്ന് പറയപ്പെടാൻ സാധിക്കണം. ഈ മക്കൾ, ഈ കുട്ടികൾ നിങ്ങളുടെ അടുക്കൽ ജമാഅത്തിന്റെ സൂക്ഷിപ്പു മുതലാണ്. അവരുടെ ശിക്ഷണം കാരണത്താൽ ഈ എല്ലാ മക്കളും ദൈവത്തിന്റെ ഇഷ്ടപ്പെട്ട ധനമായി തീർന്നിരിക്കുന്നു. അല്ലാഹുവിന്റെ സ്നേഹദൃഷ്ടി അനുനിമിഷം അവരുടെമേൽ പതിയുന്നു.സ്വന്തം പരിശുദ്ധ മനസ്സ് കാരണത്താൽ ലൗകിക ചേറുകളിലേക്ക് അവരുടെ ദൃഷ്ടി ഉയരുകപോലും ചെയ്യുന്നില്ല. ടീവിയിലേയും ഇന്റർനെറ്റിലേയും അനാവശ്യവും ജുഗുപ്സാവഹവും വിവസ്ത്രീയവും തെറ്റായതുമായ പരിപാടികളെക്കുറിച്ച് ഒരു താൽപര്യവും അവർക്കില്ല. താല്പര്യമുണ്ടെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അന്വേഷിക്കുന്നതിലാണ് അവർക്ക് താൽപര്യം. ഈ കുട്ടികൾക്ക് താൽപര്യം ഉണ്ടെങ്കിൽ അത് ജുഗുപ്സാവഹമായ കാര്യങ്ങളോടല്ല, അനാവശ്യമായ കാര്യങ്ങളോടല്ല, സമയനഷ്ടം വരുത്തുന്ന കാര്യങ്ങളോടല്ല, തെരുവിൽ കറങ്ങി നടക്കുന്നതിനോടല്ല, പുറത്ത് കുട്ടികളോടൊപ്പം കറങ്ങി നടന്ന് മത്ത് പിടിപ്പിക്കുന്ന മയക്കു മരുന്നുകൾ സേവിക്കുന്നതിനോടല്ല പ്രത്യുത ദൈവത്തിന്റെ അനുഗ്രഹങ്ങൾ തേടുന്നതിലായിരിക്കും താല്പര്യമെന്ന് ലോകം പറയേണ്ടതുണ്ട്. എന്തെങ്കിലും വിചാരമുണ്ടെങ്കിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിനോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങളുടെ ഭാഗമാകാനാണ്. തന്നെ അംഗീകരിക്കുന്നവർ അറിവിലും ദൈവജ്ഞാനത്തിലും പുരോഗതി നേടുന്നവരാണെന്ന വാഗ്ദാനത്തിന്റെ ഭാഗമാകാനാണ് അവർക്ക് താൽപര്യം. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പുരോഗതി കൈവരിക്കുന്നവരായിക്കൊണ്ട് ലോകർക്ക് മാർഗദർശനം നല്കുന്നവരും ലോകത്തെ ദജ്ജാലിന്റെ കുഴപ്പങ്ങളിൽനിന്നു രക്ഷിക്കുന്നവരും ആയിത്തീരണം. അതുകൊണ്ട് ഇത്തരം നിധികളേയും വ്യക്തികളേയും സൃഷ്ടിക്കുന്നവരായി മാറുക. നബി(സ)തിരുമേനി ഉന്നതമായ സമ്പത്ത് എന്ന് വിശേഷിപ്പിക്കപ്പെട്ട വിശ്വാസിനികളായ ഭാര്യമാരും മാതാക്കളുമായി മാറുക.

ഇതേ പോലെതന്നെ മാതാക്കൾ ഓർത്തു വെക്കുക. പെൺകുട്ടികളുടെ ശിക്ഷണത്തിനുവേണ്ടി അവർക്കും നല്ല മാതൃകകൾ സമർപ്പിക്കേണ്ടതുണ്ട്. സവിശേഷമായ നിലയിൽ സ്വന്തം വസ്ത്രവും പർദയും ചിന്തയിൽ വെക്കേണ്ടതുണ്ട്. നാണം അഥവാ ലജ്ജ സ്ത്രീയുടെ അടയാളമാണ്. ഈ നാമമാത്ര പുരോഗതി കൈവരിച്ച സമൂഹം നിങ്ങളുടെ നാണം സംരക്ഷിക്കില്ലെന്ന് പെൺകുട്ടികളോട് പറയുക. അത് അവരോടു ചെറുപ്പത്തിലേ പറയേണ്ടിവരും. അഞ്ചും ആറും വയസ്സുള്ളപ്പോൾതന്നെ ഇക്കാര്യം അവരെ ഉണർത്തേണ്ടതാണ്. ലജ്ജയുടെ സംരക്ഷണം അല്ലാഹു നല്കിയ കൽപ്പനകളിൽ ചരിക്കുന്നതിലൂടെ മാത്രമെ പ്രാപ്തമാകുകയുള്ളൂ. അതുകൊണ്ടാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പർദയെ കുറിച്ചു കല്പിച്ചുകൊണ്ട് ലജ്ജയെ കുറിച്ച് ഊന്നിപ്പറഞ്ഞത്. അല്ലാഹുവിന്റെ ഈ കല്പനയെ സദാ മുന്നിൽ വെക്കാൻ പെൺമക്കളെ ഉണർത്തുക. ഇതു വിഷയകമായി ഒരു വിധത്തിലുള്ള സ്ഥാനക്കുറവും തോന്നേണ്ടതില്ല. ഹൃദയത്തിൽ ഒരു വിധത്തിലുള്ള സ്ഥാനക്കുറവ് ഉണ്ടാക്കേണ്ട ആവശ്യവുമില്ല. മാതാക്കൾ സ്വയം തങ്ങളുടെ പർദകൾ സംരക്ഷിക്കുമെങ്കിൽ, പെൺമക്കൾക്ക് ഇതിന്റെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞുകൊടുക്കുമെങ്കിൽ, നിശ്ചയമായും പെൺകുട്ടികളിലും അതിന്റെ സ്വാധീനം നിലനില്ക്കും.

തങ്ങളുടെ മാതാക്കൾ പഴഞ്ചൻ കാലഘട്ടത്തിനനുസരിച്ചുള്ളവരാണെന്ന് ചില വിദ്യാർഥിനികൾ വിചാരിക്കുന്നു. ഇക്കാലഘട്ടത്തിന് അനുസരിച്ച് നടക്കാൻ പർദയും തട്ടവും ലളിതമാക്കേണ്ടതല്ലേയെന്നും ചില സ്ഥലങ്ങളിൽ ലജ്ജയെ സംരക്ഷിക്കുന്ന വസ്ത്രമില്ലെങ്കിൽ പ്രശ്നമുണ്ടോ എന്നും ഇവർ ചിന്തിക്കുന്നു. അല്ലാഹുവിന്റെ കല്പനകളിൽ നിന്നു വേറിട്ട് ചലിക്കുന്നവർ തങ്ങളെത്തന്നെയും സ്വന്തം തലമുറകളുടെ ജീവിതത്തേയുമാണ് നശിപ്പിക്കുന്നതെന്ന് എപ്പോഴും നമ്മൾ ഓർക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു സ്ഥാനക്കുറവും തോന്നാതെ ഒരു അഹ്മദി പെൺകുട്ടി, ഒരു അഹ്മദി സ്ത്രീ ഇത്തരം വസ്ത്രങ്ങളുടെമേൽ ശാപം ചൊരിഞ്ഞുകൊണ്ട് ഇതിനെ ഉപേക്ഷിക്കേണ്ടതാണ്. ഇവകൾ മുഖേന ലജ്ജയിൽ കുറവ് വരുമെന്നും അല്ലാഹുവിന്റെ കല്പനകളെ നിരാകരിക്കുന്ന വസ്ത്രമാണിതെന്നും കരുതേണ്ടതാണ്. ജോലിക്കുവേണ്ടി ചിലതരം വസ്ത്രങ്ങൾ ധരിക്കേണ്ടി വരുമെന്ന തോന്നൽ ആർക്കെങ്കിലുമുണ്ടെങ്കിൽ ബ്ലൗസും ജീൻസും അല്ലാതെ മറ്റൊന്നും പറ്റില്ലെന്നും സ്കാർഫുപോലും ധരിക്കാൻ പറ്റില്ലെന്നും മുകളിൽ ഒരു നീണ്ട കോട്ട് പോലും ഇടാൻ പറ്റില്ലെന്നും വന്നാൽപ്പിന്നെ അത്തരം ജോലിയിൽനിന്നു നമ്മുടെ പെൺമക്കൾ വിട്ടുനില്ക്കേണ്ടതാണ്. നഗ്നമായ വസ്ത്രങ്ങളിലേക്ക് നമ്മെ തെളിക്കുന്ന പണിയാണിത്.

അല്ലാഹു സംരക്ഷിക്കുമെന്ന വിശ്വാസം പുലർത്തുന്നവൾ ആണെങ്കിൽ സത്വ്യത്തകളായ സ്ത്രീകളാകാൻ ശ്രമിക്കുമെങ്കിൽ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് സത്വ്യത്തകളുടെ സംരക്ഷകൻതന്നെ യായിരിക്കും. ഇന്ന് പർദയിൽനിന്നു മുക്തി നേടിയാൽ ഭാവി തലമുറകളും കൂടുതൽ സ്വാതന്ത്ര്യത്തിലേക്ക് ചലിക്കുകയും തുടർന്ന് ദീനിൽനിന്നു വേറിട്ടു പോകുകയും ചെയ്യും. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഈ നിർദ്ദേശം എന്നും മുന്നിൽ വെക്കുക: യൂറോപ്പിനെപോലെ ജനങ്ങൾ നഗ്നത പ്രകടിപ്പിക്കാൻ സമ്മർദം ചെലുത്തുന്നു. എന്നാൽ, ഇത് ഒരു വിധത്തിലുംശരിയല്ല.ഇതൊരിക്കലുംശരിയല്ല.സ്ത്രീകൾക്ക് കൊടുക്കുന്ന ഇതേ സ്വാതന്ത്ര്യമാണ് തിന്മകൾക്കും ദുർന്നടത്തത്തിനും വേരായി മാറുന്നത്. ഇതു തന്നെയാണ് അനിവാര്യതയിലും കൂടുതൽ സ്വാതന്ത്ര്യം നല്കുന്നതും മതത്തിൽനിന്നു ദൂരത്തേക്ക് കൊണ്ടു പോകുന്നതും മതകല്പനകളിൽനിന്നു അകറ്റുന്നതും. ഇതിന്റെ വേര് ഈ സ്വാതന്ത്ര്യമാണ്. അതുകൊണ്ട് വളരെ ചിന്തിച്ച് ഓരോ കാലും വെക്കേണ്ടത് അനിവാര്യമാണ്.

അല്ലാഹുവിന്റെ കാര്യങ്ങളേയും അവന്റെ ദൂതന്റെ കാര്യങ്ങളേയും ഇക്കാലഘട്ടത്തിലെ ഇമാമായ നീതിമാനായ വിധികർത്താവിന്റെ കാര്യങ്ങളേയും ശ്രദ്ധയോടെ പ്രവർത്തനത്തിൽ കൊണ്ടു വരാതിരുന്നാൽ സ്വന്തം മതത്തെ നഷ്ടപ്പെടുത്തുന്നവരാകും. നാം വാഗ്ദത്ത മസീഹിൽ അനുസരണ പ്രതിജ്ഞ ചെയ്തു എന്ന വാദം പിന്നെ തെറ്റായി മാറും. ഈ അന്തരീക്ഷത്തിൽ ലജ്ജിക്കുന്നതിനു പകരം ലൗകികരോട് തുറന്നു പറയുക. പർദ ഞങ്ങളുടെ മതപരമായ കാര്യമാണ്. നിങ്ങൾ ഞങ്ങളുടെ മതപരമായ കാര്യങ്ങളിൽ കൈകടത്തരുത്. ഇവിടുത്തെ വിദ്യാസമ്പന്നകളായ അഹ്മദീ പെൺകുട്ടികൾ പത്രങ്ങളിൽ ഇതു സംബന്ധമായി കത്തുകളും ലേഖനങ്ങളും എഴുതേണ്ടതാണ്.

അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവൃത്തിക്കുമ്പോഴാണ് മതത്തിലും ലൗകികലോകത്തും അന്തസ് ലഭിക്കുന്നതെന്ന് എപ്പോഴും ഓർക്കുക. അതുകൊണ്ട് ആത്മപരിശോധന നടത്തുക. കേവലം മസ്ജിദിൽ വരുന്നതിനും ജൽസകളിൽ വരുന്നതിനും നാണംമറയ്ക്കുന്ന വസ്ത്രങ്ങളും പർദയും മതിയാകുകയില്ല. മറിച്ച് ഇത് നിങ്ങളെ തിരിച്ചറിയുന്ന ഒരു പ്രത്യേകതയായി മാറേണ്ടതുണ്ട്. എവിടെയാണെങ്കിലും നിങ്ങളുടെ നാണംമറയ്ക്കുന്ന വസ്ത്രം ഉണ്ടായിരിക്കേണ്ടതാണ്. സൂക്ഷ്മത നിലനിറുത്താനും ലൗകികതയിലും അതിന്റെ അലങ്കാരങ്ങളിലും വളരെയധികം ഹൃദയത്തെ ഇടരുതെന്നുമുള്ള വാഗ്ദത്ത മസീഹിന്റെ വാക്കുകളെപ്പോഴും ഓർമയിൽ വെക്കുക. നിഷ്കളങ്കരും പരിശുദ്ധരുമായ അവസ്ഥകളിൽ ഖബറുകളിൽ പ്രവേശിക്കാൻ ശ്രമിക്കുക. ദൈവത്തിന്റെ നിർബന്ധ കൽപനകളായ നമസ്കാരങ്ങൾ, സക്കാത്ത് തുടങ്ങിയവയിൽ ആലസ്യം കാണിക്കാതിരിക്കുക. തന്റേതായ ഈ ഉത്തരവാദിത്വങ്ങളെ ദൈവസന്നിധിയിൽ സദ്വൃത്തകളെന്നും സമ്പൂർണ അനുസരണം പുലർത്തുന്നവളെന്നും എണ്ണപ്പെടുന്ന വിധത്തിൽ ഉത്തമമായ നിലയിൽ നിർവഹിക്കുക.

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

ഓരോ അഹ്മദീ സ്ത്രീക്കും ഓരോ അഹ്മദി പെൺകുട്ടിക്കും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാനും അല്ലാഹുവും അവന്റെ റസൂലും വാഗ്ദത്ത മസീഹും നല്കിയ കൽപനകളും നിർദ്ദേശങ്ങളും അനുസരിച്ച് നടക്കാനും സ്വന്തം തലമുറകളുടെ ദീനിന്റെ സംരക്ഷകരായിരിക്കാനും അവരെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നവരാക്കുകയും ചെയ്യാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ. ഇക്കാലഘട്ടത്തിലെ ഇമാമിനെ അംഗീകരിക്കാൻ അല്ലാഹു നിങ്ങൾക്ക് നല്കിയ ഭാഗ്യത്തെ എന്നും വിലമതിക്കുന്നവരും ഭൗതികതയിൽ മുങ്ങി അതിൽനിന്നു അകന്നു പോകാത്തവരുമായി നിങ്ങളെ മാറ്റട്ടെ. ആമീൻ ഒടുവിൽ ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ലജ്നകളോടുള്ള ഹുദൂറിന്റെ ഈ പ്രഭാഷണം 01.40 വരെ നീണ്ടു. ലജ്നകളും കുട്ടികളും വിവിധ സംഘങ്ങളായി അറബി, ഉർദു, ഫ്രഞ്ച് ഭാഷകളിൽ അർഥനാ ഗീതങ്ങളും മറ്റും ആലപിച്ചു. ഒടുവിൽസവിശേഷമായ ശബ്ദത്തിൽ ആഫ്രിക്കൻ വനിതകൾ കലിമത്വയ്യിബ ചൊല്ലുകയും മുദ്രാവാക്യം മുഴക്കുകയും ചെയ്തു.

---

(പേജ് 2 ൽ നിന്ന്)

ഭാവത്തോടുകൂടി അവരുടെ സന്നിധിയിൽപോകുകയും അവരുടെ മുമ്പിൽ കൈകൂപ്പുകയും കരയുകയും അവരുടെ കാലിൽ വീഴുകയും ചെയ്യുക. ഈ ആളുകൾ ഈ വിഷമഘട്ടത്തിൽ അറബിയിലുള്ള അദ്ദേഹത്തിന്റെ ജ്ഞാനം വെളിപ്പെടുത്തി അദ്ദേഹത്തെ രക്ഷിക്കുക. ആർക്കെങ്കിലും അദ്ദേഹത്തോടു ദയ തോന്നിയാൽ അത്ഭുതമൊന്നുമില്ല. ഏതെങ്കിലും ഹനഫീ മൗലവിയുടെ അടുത്തു പോകേണ്ടത് നിർബന്ധമാണ്. ഇപ്പോൾ താൻ ഹനഫിയാണെന്ന് അവരോടു പറയുക. ശിയായുടെ അടുത്തുപോയി ഇപ്പോൾ താൻ ശിയാക്കളിൽപ്പെട്ടവനാണെന്ന് പറയുക. ഇതേ ശീലമാണ് ഈയിടെയായി ശെയ്ഖ് ജീയുടേതെന്ന് പറഞ്ഞു കേൾക്കുന്നു. ഈ സാധുവിന് ശെയ്ഖ് ജീയേയും ശത്രുവായ എല്ലാ ഓരോ നിഷേധിയേയും സംബന്ധിച്ച് ഇൽഹാമുണ്ടായി കഴിഞ്ഞിട്ടുണ്ട്. **ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക.** അതുകൊണ്ട് ശെയ്ഖ് ജീയുടെ ഈ ശ്രമവും പാഴായിപ്പോകുന്നതായിരിക്കും. ഏതെങ്കിലും മൗലവി അഹങ്കാരത്തിന്റേയും കുതന്ത്രങ്ങളുടേയും വഴിയിലൂടെ ശെയ്ഖ് സാഹിബിനെ സഹായിക്കാൻ മുതിർന്നാൽ അയാൾ മുഖം കുത്തി വീഴുന്നതായിരിക്കും(കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ വാള്യം 7, പേജ് 66)

**മുഹമ്മദു ഹുസയ്ൻ ബട്ടാലവി ഒരു മണ്ടനും നാണംകെട്ട പ്രകൃതിയോടുകൂടിയ തടിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നയാളും ഉപരിപ്ലവമായ ചിന്താഗതിക്കാരനുമാണ്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:ഞാൻ സത്യംസത്യമായും പറയുന്നു, ഞാൻ ഉന്നതമായ ഉൾക്കാഴ്ച കൊണ്ട് ദൃഢഗാഢമായും വിശ്വസിക്കുന്നു, താങ്കൾ വെറും എല്ലു കച്ചവടക്കാരനും ജ്ഞാനത്തിൽനിന്നും ബുദ്ധിവിചാരണയിൽനിന്നും കർമശാസ്ത്രത്തിൽനിന്നും കഠിനമായ അന്ധനും ഒരു മണ്ടനും മൂഢനുമായ ആളുമാണെന്ന് അല്ലാഹു അറിയുന്നു. ഇദ്ദേഹത്തിന് യാഥാർഥ്യങ്ങളുടേയും ഈശ്വരീയ ജ്ഞാനത്തിന്റേയും ഇടവഴിയിലൂടെ അല്പം പോലും കടന്നുപോക്കുണ്ടായിട്ടില്ല. ഇതിനോടൊപ്പം അന്യായമായ അഹങ്കാരത്തിന്റേയും അഹന്തയുടേയും ബലായും ഇയാളെ ഹലാക്കാക്കിയിരിക്കുകയാണ്. താങ്കൾക്ക് താങ്കളുടെ ഈ അജ്ഞതയെ കുറിച്ച് അറിവില്ലാത്തിടത്തോളം ബുദ്ധിയിൽനിന്ന് അഹങ്കാരത്തിന്റെ കീടങ്ങൾ പുറത്തു പോകാത്തിടത്തോളം ഭൗതികവും ആത്മീയവുമായ ഒരു ഭാഗ്യവും കരസ്ഥമാക്കാൻ സാധ്യമല്ല. താങ്കളുടെ അജ്ഞതകളും തന്നെസ്തുതികളും താങ്കളിൽ സ്ഥാപിക്കുന്ന ആളായിരിക്കും താങ്കളുടെ വലിയ സുഹൃത്ത്. താങ്കൾക്ക് ഏതു കാര്യത്തിലാണ് ഗർവെന്ന് എനിക്കറിയില്ല. നാണംകെട്ട പ്രകൃതിയുടേയും താങ്കളെ കുറിച്ച് എല്ലാവർക്കും അറിയുന്ന ബുദ്ധിയുടേയും ഉപരിപ്ലവമായ ചിന്താഗതിയുടേയുംമേൽ ഈ അഹങ്കാരവും ഗർവും നഊദുബില്ലാഹ് മിൻ ഹാദിഹിൽ ജഹാലത്തി വൽഹുംഖി തർക്കിൽ ഹയാഇ വസ്സഖാഫത്തി വള്ളലാലത്തി" *(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 5 പേജ് 308)*(മൻസ്വൂർ അഹ്മദ് മസ്റൂർ)

❊❊❊❊

(പേജ് 8 ൽ നിന്ന്)

എനിക്ക് മനസ്സിലായില്ലെങ്കിൽ അല്ലെങ്കിൽ മനസ്സിലായെങ്കിൽ ഞാൻ നിഷേധിക്കുകയോ അല്ലെങ്കിൽ കൂടുതൽ ഗവേഷണം നടത്താൻ പറയുകയോ ചെയ്താൽ പൂർണ ഹൃദയത്തോടെ അത് സമ്മതിക്കുമായിരുന്നു. അതായത് ഖിലാഫത്തിൽ അനുരക്തനും സുൽത്വാനുന്നസീറുമായിരുന്നു.

ഉസാമ അബ്ദുൽഅളീം സാഹിബ് എഴുതുന്നു: ഫത്ഹീ അബ്ദുസ്സലാം സാഹിബ് വളരെ വലിയ പണ്ഡിതനായിരുന്നു. പ്രായത്തിൽ എന്നെക്കാൾ മുതിർന്നതായിട്ടും വളരെ വിനയനായിരുന്നു. ഞങ്ങളിൽ ഏറ്റവും ചെറിയവരോടും വലിയ അദബോടുകൂടി പെരുമാറിയിരുന്നു. അവരുടെ അഭിപ്രായം സ്വീകരിച്ചിരുന്നു. വലിയ കഴിവുകളുടെ ഉടമയായിരുന്നു. ആരോടെങ്കിലും അതിക്രമമുണ്ടായാൽ എല്ലാവരുടേയും മുമ്പിൽ വളരെ വിനയത്തോടെ ഖേദം പ്രകടിപ്പിക്കുമായിരുന്നു. അയാളുടെ തലയിൽ മുത്തുമായിരുന്നു. പരേതന് ഇസ്‌ലാമിനോടു വളരെ സ്നേഹമായിരുന്നു. അഹ്മദി യുവാക്കളിൽ അറിവും ആത്മീയതയും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. രാത്രി ഇരുട്ടുന്നതുവരെ ഞങ്ങളെ ഉപദേശിക്കുമായിരുന്നു. ജമാഅത്തിന്റെ ചുമതലകൾ നിറവേറ്റാൻ പറയുമായിരുന്നു. അദ്ദേഹം വളരെ സഹനശീലമുള്ള ആളായിരുന്നു. ഇനി ആരെങ്കിലും അദ്ദേഹത്തോടു കയർത്ത് എന്തെങ്കിലും ചോദിച്ചാൽ അതിന് അതേ രീതിൽ മറുപടി പറയുമായിരുന്നില്ല. മൃദുനയം സ്വീകരിക്കുമായിരുന്നു. അദ്ദേഹത്തെ ചിലയാളുകൾ വളരെ ബുദ്ധിമുട്ടിച്ചത് എനിക്കറിയാം. ഇനി താൽക്കാലികമായി എന്തെങ്കിലും അനൗചത്യപരമായ കാര്യം വന്നാൽപ്പോലും മാപ്പു ചോദിക്കുമായിരുന്നു. ചിലപ്പോൾ താൻ ഇന്നയാളോടു ഇന്ന രീതിയിൽ സംസാരിച്ചുവെന്നും അയാളോടു മാപ്പു ചോദിച്ചുവെന്നും എന്നോടു പറയുകയും ചെയ്തിട്ടുണ്ട്. ഈ ശീലം വളരെ കുറച്ചുപേരിലെ കാണുകയുള്ളു.

തമീം സാഹിബ് എഴുതുന്നു:ഖിലാഫത്തുകൂടാതെ ഇസ്‌ലാമിൽ ഒരു കാര്യവും ശരിയായ നിലയിൽ നടക്കുകയില്ലെന്ന് എപ്പോഴും പറയുമായിരുന്നു. ഏതൊരു കാര്യമാണോ നമുക്കാവശ്യമുള്ളത് അത് വിവിധചിന്താഗതികളിലേക്ക് ചായിക്കാൻ പാടില്ല. പ്രത്യുത അത്തരം ഘട്ടങ്ങളിൽ നമുക്ക് ഖലീഫയുടെ ആവശ്യമുണ്ട്. അദ്ദേഹം അഭിപ്രായഭിന്നതയിൽ തീരുമാനമെടുക്കുന്നതായിരിക്കും. ദൈവിക മാർഗനിർദേശത്തിന്റെ ഫലമായി നമ്മെ മുന്നോട്ടു നയിക്കുന്നതാണ്. കാലത്തിന്റെ ഖലീഫ സ്വീകരിക്കാത്ത എല്ലാ കാര്യങ്ങളും കൈവിടാൻ പരേതൻ എപ്പോഴും തയ്യാറായിരുന്നു. ഫലസ്തീനിലെ സമാഹ് സാഹിബ പറയുന്നു:ഞാൻ സ്വപ്നത്തിൽ കണ്ടു. അത് യാഥാർഥ്യമായി തോന്നിയിരുന്നു. ഞാനും എന്റെ സഹോദരി സഹ്റും ഇരിക്കുകയാണ്. ഒരു മലക്ക് അഹ്മദികളെ വളഞ്ഞ് ഒരു സദസ്സിൽ ഇരിക്കുന്നുവെന്ന് അവളോടു ആരോ പറഞ്ഞതായി അവളെന്നോടു പറഞ്ഞു. ഫത്ഹീ സാഹിബ് വന്നപ്പോൾ മലക്ക് ഫസ്ഹീ സാഹിബിനോടു പറഞ്ഞു: താങ്കൾ ഏറ്റവും സുന്ദരമായ മല്ലിക പൂവാണ്. അപ്പോൾ ഞാനെന്റെ സഹോദരിയോടു പറഞ്ഞു: ഫതീഹ് സാഹിബ് എത്ര പരിശുദ്ധനാണ്!

ത്വാഹിർ നദീം സാഹിബ് അറബി ഡസ്ക് പറയുന്നു: അദ്ദേഹത്തിലുള്ള മറ്റൊരു ഗുണം അദ്ദേഹം മഹാപണ്ഡിതനായിരുന്നിട്ടുകൂടി എളിമയുടെ ആൾരൂമായിരുന്നു. ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളോടു അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം എത്രമാത്രമായിരുന്നെന്നാൽ ബറാഹീനെ അഹ്മദിയ്യ അദ്ദേഹം എത്ര തവണ വായിച്ചുവെന്നതിന് കണക്കില്ല. എപ്പോഴും അതിന്റെ പുതുപുത്തൻ ആശയങ്ങൾ അവതരിപ്പിക്കുമായിരുന്നു. ആ വിഷയത്തിൽ അദ്ദേഹം ഒരുപാട് പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യിച്ചു.

ജൽസയുടെ പ്രത്യേക ആകർഷണമായിരുന്നു അദ്ദേഹം. മുഴക്കമുള്ള ശബ്ദമായിരുന്നു അദ്ദേഹത്തിന്റേതെന്ന് നമുക്കെല്ലാവർക്കും അറിയാം. അവസാന ദിവസം അത്യുത്സാഹത്തോടെ മുദ്രാവാക്യം വിളിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുദ്രാവാക്യത്തിൽ ഒരു ആവേശം പ്രകടമായിരുന്നു. അന്തരംഗത്തുനിന്ന് ശബ്ദം പുറത്തുവരുന്നതായി അനുഭവപ്പെട്ടിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ പാതയിലൂടെ ചരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹം മക്കൾക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം കനഡയിലെ മുൻ ഇൻചാർജു മുബല്ലിഗും സിയറലിയോണിലെ മുൻ അമീറും മിഷണറിയുമായിരുന്ന ഖലീൽ അഹ്മദ് സാഹിബ് മുബശ്ശിറിന്റെ ഭാര്യ റളിയ ബീഗം സാഹിബയുടേതാണ്. ഇവരും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.*

ഖലീൽ സാഹിബ് എഴുതുന്നു: എന്റെ ഭാര്യ റളിയ ബീഗം, തബ്ലീഗ് രംഗത്തെ സുദീർഘമായ കാലത്ത് തന്റെ വാഖിഫെ സിന്ദഗീ ഭർത്താവിനോടു തോളോടു തോൾ ചേർന്ന് ക്ഷമയോടും ഉത്സാഹത്തോടും കൂടി ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് നേടി. ആഫ്രിക്കയിൽ പ്രത്യേകമായും അവർക്ക് പൂർണമായ നിലയിൽ അതിഥി സൽക്കാരത്തിനും സേവനത്തിനും തൗഫീഖ് കിട്ടി. അനാവശ്യമായ ഒരു ആവശ്യവും പറയുമായിരുന്നില്ല. എല്ലാ പരിതഃസ്ഥിതിയിലും ക്ഷമയോടും നന്ദിയോടും കൂടി തന്റെ വാഖിഫെ സിന്ദഗീ ഭർത്താവിനോടൊപ്പം ദീനീ സേവനത്തിൽ മുഴുകി. ആരാധനാകർമങ്ങളിൽ പരേത കൃത്യത പാലിച്ചു. ദാനധർമങ്ങളിലും സാമ്പത്തിക ത്യാഗത്തിലും ഉത്സാഹത്തോടെ പങ്കെടുത്തു. വഫാത്തിനുമുമ്പേ എല്ലാ ചന്ദകളും കൊടുത്തു തീർത്തു. പരേത മൂസിയയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഒരു മകനും മൂന്നു പെൺമക്കളുമുണ്ട്. അവരുടെ മക്കളുമുണ്ട്. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ഡോക്ടർ സുൽത്വാൻ മുബശ്ശിർ സാഹിബിന്റെ ഭാര്യ സാഇറ സുൽത്വാൻ സാഹിബയുടേതാണ്. അവരും കഴിഞ്ഞ ദിവസം ഹൃദയ സ്തംഭനം മൂലം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ഇവർക്ക് ദൈവാനുഗ്രഹത്താൽ ലജ്ന പാക്കിസ്താനിൽ വിവിധ വകുപ്പുകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഖിദ്മത്തെ ഖൽഖ് വകുപ്പിൽ പ്രത്യേകിച്ചും കൂടുതൽ സേവനത്തിന് അവസരം ലഭിച്ചു. അവരുടെ ഭർത്താവ് സുൽത്വാൻ മുബശ്ശിർ സാഹിബെഴുതുന്നു: ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ നല്ല കൂറായികുന്നു. മസ്ജിദ് മുബാറക്കിനോടു ചേർന്ന് വീടായതിൽ വളരെ സന്തോഷിച്ചിരുന്നു. അവരുടെ വിവാഹം നടന്നപ്പോൾ അവരുടെ ഭർതൃമാതാവ് വഫാത്തായിരുന്നു. അവരുടെ ഭർതൃപിതാവ് മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് ജീവനോടു ഉണ്ടായിരുന്നു. സ്വന്തം പിതാവിനെ പോലെ അദ്ദേഹത്തിന് സേവനം ചെയ്തു. അദ്ദേഹത്തിന്റെ ആവശ്യങ്ങളെല്ലാം കണ്ടറിഞ്ഞു ചെയ്തു. അദ്ദേഹത്തെ കാണാൻ വരുന്ന അതിഥികൾക്ക് നല്ലവണ്ണം ആതിഥ്യം നല്കി. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.അവർക്ക് രണ്ടു ആൺമക്കളാണ്. അവർക്കും അവരുടെ പാത തുടരാൻ തൗഫീഖ് നല്കുമാറാകട്ടെ. ആ കുട്ടികൾക്കും ഡോക്ടർ സാഹിബിനും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ഗസ്സ്യൂനൽ മുഅള്ളിമാനീ സാഹിബയുടേതാണ്. സിറയക്കാരിയാണ്. ഇപ്പോൾ തുർക്കിയിലായിരുന്നു. കഴിഞ്ഞ ദിവസം 39-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ.* ദീർഘകാലമായി കിടപ്പിലായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ മൂസിയായിരുന്നു. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ ഇവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്

****




## ഹദീഥുന്നബ്‌വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

# സത്യമാർഗം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

അല്ലാഹുവിനുവേണ്ടി മാത്രം ചില കാര്യങ്ങൾ കുറഞ്ഞ നിലയിൽ ഉപദേശിക്കുകയാണ്. വിസ്തരിച്ചു പറയേണ്ട കാര്യമില്ല. കാരണം അല്ലാഹു നന്മയും ശുദ്ധപ്രകൃതിയും നല്ല കഴിവും നല്കി അനുഗ്രഹിച്ചിട്ടുള്ളവർ സൂചന കൊണ്ടുമാത്രം പറയുന്ന കാര്യങ്ങളുടെ യഥാർഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യും. സത്തയിലും ശക്തിയിലും അടിയുറച്ചു വിശ്വാസമില്ലാത്തവരും സ്വന്തം ഇച്ഛകളെ പിൻപറ്റുന്നു. അവർ അധമമായ അവസ്ഥയിൽ കഴിയുന്നവരാണ്. എല്ലാ നബി(അ)മാരും ഒന്നുചേർന്ന് ഒരേയൊരു മിമ്പറിൽ കയറി അവരെ ഉപദേശിച്ചാലും അവർക്കത് ഒരു പ്രയോജനവും ചെയ്യുകയില്ല.

**സത്സ്വഭാവികളാകുക:**

ഓരോ നബിയുടേയും ദൈവനിയോഗിതന്റേയും കാലത്ത് രണ്ട് കക്ഷികൾ ജന്മംകൊള്ളാറുണ്ട്. ഒരു കക്ഷി ഭാഗ്യവാന്മാരാണ്, മറ്റേ കക്ഷി ഭാഗ്യഹീനരാണ്. ഉപദേശനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുക്കൂട്ടരും ഒരുപോലെ നബിമാരുടെ മുമ്പിലുണ്ടായിരുന്നു. നബിമാർ ഒരിക്കലും പക്ഷഭേദം കാണിച്ചില്ല. ഭാഗ്യവാന്മാരോടെന്നപോലെ നിർഭാഗ്യവാന്മാരോടും ഉപദേശിക്കുക എന്ന തങ്ങളുടെ കടമ അവർ പൂർണ്ണമായ നിലയിൽ നിറവേറ്റി. എന്നാൽ, ഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയുണ്ടായിരുന്നു. അതുകൊണ്ട് അവർ കേട്ടു. കണ്ണുകളുണ്ടായിരുന്നു. അതുകൊണ്ട് അവർ കണ്ടു. ഹൃദയമുണ്ടായിരുന്നു. അതുകൊണ്ട് അവർ കാര്യങ്ങൾ മനസ്സിലാക്കി. എന്നാൽ, നിർഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയോ കാണാനുള്ള കണ്ണോ അറിയാനുള്ള ഹൃദയമോ ഉണ്ടായിരുന്നില്ല.

**മക്കയിൽ അബൂബക്കറിനെപ്പോലുള്ള സത്യസന്ധരും അബൂജഹ്‌ലിനെ പോലുള്ള ശപ്തരും ജനിച്ചത് എന്തുകൊണ്ട്?**

മക്കയുടെ മണ്ണ് ഒരേയൊരു മണ്ണാണ്. ആ മണ്ണിലാണ് ഹസ്‌റത്ത് അബൂബക്കറും(റ) അബൂജഹ്‌ലും ജനിച്ചത്. മക്കയ്ക്ക് ഒരു മാറ്റവുമില്ല. അത് ഒന്നുതന്നെ. അവിടെ ഇപ്പോൾ കോടിക്കണക്കിന് നാനാതരം ജനങ്ങൾ ലോകത്തിന്റെ സർവ്വഭാഗങ്ങളിൽനിന്നും വന്നുചേരുന്നു. ആ ഒരേയൊരു മണ്ണിൽതന്നെയാണ് മുകളിൽപറഞ്ഞ രണ്ടുതരം മനുഷ്യരും ജനിച്ചത്. ഇവരിൽ ആദ്യം പറഞ്ഞ വ്യക്തി തന്റെ സൗഭാഗ്യവും സാത്വികതയും കൊണ്ട് സന്മാർഗം പ്രാപിച്ച് സിദ്ദീഖുമാരുടെ പരിപൂർണത കൈവരിച്ചു. രണ്ടാമതു പറഞ്ഞ വ്യക്തിയാകട്ടെ വിദ്വേഷത്തിലും, വിവരക്കേടിലും, വിതണ്ഡവാദത്തിലും അവിശുദ്ധ പോരാട്ടത്തിലും കുപ്രസിദ്ധി നേടി.

പൂർണ്ണത രണ്ടു തരത്തിലുണ്ട്. ഒന്ന് റഹ്‌മാനിയായത്-ദിവ്യമായത്. രണ്ട് ശയ്ത്വാനിയായത്- പൈശാചികമായത്. പൂർണ്ണമായും റഹ്‌മാനിയായ മനുഷ്യൻ ദൈവിക സന്നിധിയിൽ പ്രത്യേകമായ ഒരു പ്രസിദ്ധിയും മാന്യതയും കരസ്ഥമാക്കുന്നു. പൂർണ്ണമായും ശയ്ത്വാനിയായ മനുഷ്യൻ പിശാചുക്കളുടെ സന്താനങ്ങളിൽ പ്രസിദ്ധി നേടുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞ ആ ഒരേ മണ്ണിൽ ഈ രണ്ടുപേരും ജാതരായി. അല്ലാഹുവിന്റെ പ്രവാചകൻ(സ.അ) ആരോടും ഒരു വിവേചനവും കാണിച്ചില്ല. അല്ലാഹു എത്തിക്കാൻ കല്പിച്ച കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ എത്തിച്ചുകൊടുത്തു. എന്നാൽ, ഭാഗ്യദോഷികൾ എല്ലാ നിഷേധിക്കുന്നവരായി തീർന്നു. ഭാഗ്യശാലികൾ സന്മാർഗം പ്രാപിച്ച് പൂർണ്ണമായി. അബൂജഹ്‌ലും അയാളുടെ കൂട്ടുകാരും നൂറുകണക്കിന് ദൃഷ്ടാന്തങ്ങൾ കണ്ടു. ദൈവികപ്രകാശവും അനുഗ്രഹവും ദർശിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ട് ഒരു ഫലവും അവർക്കുണ്ടായില്ല. ഭയപ്പെടേണ്ടത് ഇത്തരം ഘട്ടങ്ങളിലാണ്. അബൂജഹ്‌ലിനെ നിഷേധിയാക്കിത്തീർത്ത ആ സംഗതി എന്തായിരുന്നു? അയാൾ മഹാനായ ഒരു നബിയുടെ കാലത്ത് ജീവിച്ചു. നബിമാർപോലും അക്കാലത്ത് ജീവിക്കാൻ അതിയായി ആഗ്രഹിച്ചവരായിരുന്നു. ഹസ്‌റത്ത് ആദം(അ) മുതൽ തുടർന്നുവന്ന ഓരോ നബിമാരുടേയും ആഗ്രഹം അതായിരുന്നു. എന്നാൽ, അവർക്കാർക്കും അക്കാലത്തു ജനിക്കാൻ കഴിഞ്ഞില്ല. സകല കാലത്തെക്കാളും അനുഗ്രഹീതമായിരുന്ന ആ കാലം ഈ ഭാഗ്യഹീനന് ലഭിച്ചു. പക്ഷേ, അയാൾ അതിനെ പ്രയോജനപ്പെടുത്തിയില്ല. ഇതിൽനിന്ന് ഇത് ഭയപ്പെടേണ്ട ഒരു അവസ്ഥയാണെന്ന കാര്യം വളരെ വ്യക്തമാണ്. അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും കേൾക്കുന്നതിനുള്ള ചെവിയും മനസ്സിലാക്കുന്നതിനുള്ള മനസ്സും ഉണ്ടാകാത്തിടത്തോളം ആർക്കും ഒരു നബിയിൽനിന്നും ദൈവനിയോഗിതനിൽനിന്നും ഒരു ഫലവുമെടുക്കാൻ സാധിക്കുകയില്ല.

ഞാൻ വീണ്ടും പറയട്ടെ, പ്രകൃതിയിൽ രണ്ടുവിഭാഗം ജനങ്ങളുണ്ട്. ഒരു കൂട്ടരുടെ ആന്തരികശക്തി പരിശുദ്ധമായിരിക്കും. നിറഞ്ഞ അത്തർ കുപ്പിപോലെ, ഗുണവും സന്മാർഗവും പ്രാപിക്കുന്നതിനുള്ള വാസന അവരിൽ നിറഞ്ഞിരിക്കും. ജ്വലിച്ചെരിയാൻ എണ്ണയും തിരിയുമെല്ലാം അവരിൽ ഗുപ്തമായിട്ടുണ്ടാകും. ഒരു ചെറുതീപ്പൊരി മാത്രമേ ആവശ്യമുള്ളൂ. ഒരു പൊരി വീണാൽ, അതുമതി അത് തെളിഞ്ഞു കത്താൻ.

അതായിരുന്നു ഹസ്‌റത്ത് അബൂബക്കർ(റ). അദ്ദേഹത്തിന്റെ പ്രകൃതിയിൽ ആദ്യമേതന്നെ സൗഭാഗ്യത്തിന്റെ എണ്ണയും തിരിയുമുണ്ടായിരുന്നു. അതുകൊണ്ട് ആദരണീയനായ പ്രവാചകൻ (സ)ന്റെ പരിശുദ്ധ അധ്യാപനം അതിനെ ഹഠാൽ ആകർഷിക്കുകയും പ്രോജ്വലിപ്പിക്കുകയും ചെയ്തു. അദ്ദേഹം പ്രവാചകൻ(സ)നോട് ഒരു ചർച്ചയും നടത്തിയില്ല. ഒരു ദൃഷ്ടാന്തവും, മുഅ്ജിസത്തും ചോദിച്ചില്ല. അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ? എന്നു മാത്രം ചോദിച്ചു. ഉണ്ട് എന്ന് നബി(സ) പ്രതിവചിച്ചപ്പോൾ, അങ്ങ് സാക്ഷി, ഞാൻ ആദ്യമായി അങ്ങയിൽ വിശ്വസിക്കുന്നു' എന്നു പറഞ്ഞു.

ചോദ്യം ചോദിച്ച് നടക്കുന്നവർ അപൂർവ്വമായിട്ടേ വിശ്വസിക്കുകയുള്ളൂ എന്നത് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുള്ള കാര്യമാണ്. എന്നാൽ, സദുദ്ദേശ്യത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുന്നവർ സന്മാർഗ്ഗത്തിൽ പൂർണ്ണമായും ഭാഗഭാക്കാകും. ഇതിന്റെ മാതൃക ഹസ്‌റത്ത് അബൂബക്കർ(റ)ലും അബൂജഹ്‌ലിലുമുണ്ട്. ഹസ്‌റത്ത് അബൂബക്കർ(റ) അശേഷം സംശയം പ്രകടിപ്പിച്ചില്ല. ദൃഷ്ടാന്തം ചോദിച്ചതുമില്ല. എന്നാൽ, ദൃഷ്ടാന്തം ചോദിച്ച് നടന്നവർക്ക് കൊടുക്കാതിരുന്നത് അല്ലാഹു അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കണ്ടു. അദ്ദേഹം തന്നെയും ഒരു മഹത്തായ ദൃഷ്ടാന്തമായിത്തീർന്നു. എന്നാൽ, അബൂജഹ്ൽ ദൃഷ്ടാന്തം ചോദിക്കുകയും സംവാദമുന്നയിക്കുകയും ചെയ്തു. അക്രമപ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അയാൾ ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കണ്ടു. പക്ഷേ, അവയെ എങ്ങനെ കാണണമായിരുന്നുവോ അതുപോലെ കണ്ടില്ല. അവസാനം അയാൾ മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിത്തീരുമാറ് ശത്രുവായിത്തന്നെ നശിക്കുകയും ചെയ്തു. ഇതിൽനിന്ന്, വിശ്വാസത്തിന്റെ പ്രകാശമുള്ള പ്രകൃതക്കാർക്ക് അധികം പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ലെന്നത് വളരെ വ്യക്തമാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ ഒരേയൊരു വാക്കുമതി. അവരുടെ ഹൃദയത്തിൽ ഒരു വിളക്കുണ്ട്. ശബ്ദം കേട്ടയുടൻ അത് തെളിയാൻ തുടങ്ങും. അവരിലെ ദൈവികശക്തി ആ ശബ്ദംകേട്ട് തുടിക്കുകയും വളർന്നു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയൊരു ശക്തിയില്ലാത്തവർ നിഷേധികളായി നാശമടയുന്നു. ലോകാരംഭം മുതൽ നടന്നുവരുന്ന രീതി ഇതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഓരോരുത്തരും ഭയപ്പെടേണ്ടതുണ്ട്. ജനന്മയ്ക്കായി ഏതെങ്കിലും കാലത്ത് ദൈവനിയോഗിതൻ ജന്മമെടുക്കുമ്പോൾ, ആ ദൈവനിയോഗിതനെ സ്വീകരിക്കാനും വിശ്വസിക്കാനും തയ്യാറാകുന്നവർ അനുഗൃഹീതരാണ്. എന്നാൽ, തന്റെ ഹൃദയം നിഷ്ഠൂരമായി കാണുന്നവരും വിശ്വാസത്തിന്റെ മാർഗ്ഗം നിഷേധിക്കുന്നവരും അത് അശുഭപര്യവസാനത്തിന്റെ അടയാളവും നിർഭാഗ്യതയുടെ കാരണവുമാണെന്നു കരുതി ഭയപ്പെടേണ്ടതാണ്.

**രഹസ്യമായ കാര്യം**

സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ടിട്ടും അവയെ വിശ്വസിക്കാത്തവരുടേയും സന്മനസ്സോടെയും ക്ഷമയോടെയും പ്രവർത്തിക്കാത്തവരുടെയും സത്യമാർഗത്തെ നിഷേധിക്കാൻ അവസരം പാർത്തിരിക്കുന്നവരുടെയും സ്ഥിതി കഷ്ടം തന്നെയാണ്. എത്ര വലിയ ദൃഷ്ടാന്തം അവർക്കുണ്ടായാലും അവർക്കത് പ്രയോജനം ചെയ്യില്ല. അവർക്ക് ഒരേയൊരു ചിന്തയേ ഉണ്ടാകൂ. എങ്ങനെ ഇവയൊക്കെ എതിർക്കണം എന്നതായിരിക്കുമത്. അത്തരക്കാർ അത് ഭാഗ്യഹീനരുടെ സമ്പ്രദായമാണെന്ന് മനസ്സിലാക്കി ഭയപ്പെടേണ്ടതാണ്. നന്മയെ ഉപദേശിച്ചും തിന്മയെ നിഷേധിച്ചും ഈ സംഘം ഒരിക്കലും ഫലമെടുത്തിട്ടില്ല. അല്ലാഹുവിന്റെ സന്ദേശം അവർ കേട്ടപ്പോൾ, അല്ലാഹുവിൽനിന്ന് നിയോഗിതനായ വ്യക്തിയുടെ ശബ്ദം അവരുടെ ചെവിയിൽ പതിഞ്ഞപ്പോൾ അതിനെതിരെ പോരാടാൻ അവർ എഴുന്നേറ്റുനിന്നു. തലതിരിഞ്ഞ ചിന്തയും അറുപിശുക്കും അനാവശ്യമായ ശത്രുതയും കാരണം ദൈവികമാർഗത്തെ തടയാനുള്ള ഗൂഢാലോചനയിലും അവർ മുഴുകി. അതിലവർ പുരോഗമിക്കുകയും ഒടുക്കം അത് വൻപോരാട്ടത്തിലേക്കും സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കുതന്നെയും വഴിപ്പെടുകയും ചെയ്തു. സ്വന്തം നാശത്തിന്റെ കുഴി സ്വയം തോണ്ടുകയായിരുന്നു അവർ.

നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അവസ്ഥയാണിത്. ഒരു കൂട്ടർ സത്യവിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടു. ദൈവിക കല്പനക്ക് വിധേയരായി ആടുമാടുകളെപോലെ അറുക്കപ്പെട്ടു. ഭാര്യയും കുട്ടികളും എന്താകുമെന്ന ചിന്തയൊന്നും അവർക്കുണ്ടായില്ല. സ്നേഹത്തിന്റെ ലഹരി പാനീയം അല്പം അവരെ കുടിപ്പിച്ചു. തൽഫലമായി അവർ ലൗകീകമായി യാതൊന്നും പരിഗണിക്കാതെ സ്വന്തം ജീവൻപോലും ബലികൊടുത്തു. എങ്ങനെ അവർ നബി(സ) തിരുമേനിയെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എന്ന് കാണുമ്പോഴാണ് അവരുടെ ഈ അത്ഭുതസിദ്ധി മനസ്സിലാക്കാൻ കഴിയുക.

ബയ്അത്ത് ചെയ്ത് അതായത്, അനുസരണപ്രതിജ്ഞ ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നത് കൊണ്ടുമാത്രം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ കഴിയുമെന്ന് ആരും കരുതരുത്. അതൊരു പുറന്തോടാകുന്നു. അതിനുള്ളിൽ കാമ്പ് വേണം. അതു പ്രകൃതിനിയമമാണ്. എല്ലാറ്റിലും പുറന്തോടുണ്ടാകും. പ്രയോജനപ്പെടുന്നത് അതിനകത്തുള്ള കാമ്പായിരിക്കും.

കാറ്റുനിറഞ്ഞ കോഴിമുട്ടപോലെ കാമ്പില്ലാതയ ചിലതും ഉണ്ടാകാറുണ്ട്. അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ കാണുകയില്ല. വലിച്ചെറിയുകയേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഏതാനും സമയത്തേക്ക് അതുകൊണ്ട് കുട്ടികൾക്ക് കളിക്കാമായിരിക്കാം. അതിൽ കവിഞ്ഞ് അതിനെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. അതുപോലെ ബയ്അത്തിന്റേയും വിശ്വാസത്തിന്റേയും വാദം ഉന്നയിക്കുന്ന ആൾ അവ രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെങ്കിൽ കാമ്പ് നഷ്ടപ്പെട്ട മുട്ടപോലെ വലിച്ചെറിയപ്പെടുന്ന നേരം വന്നെത്തുന്നതാണ്. അതുകൊണ്ട് അത്തരക്കാർ ഭയക്കേണ്ടതാണ്.

**ബയ്അത്തിന്റെ കാമ്പ്:**

ബയ്അത്തിന്റേയും ഈമാനിന്റേയും അവകാശവാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യവിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വിശ്വാസാദർശത്തിന്റേയും ശിഷ്യത്വത്തിന്റേയും ഇസ്‌ലാമിന്റേയും അനുസരണപ്രതിജ്ഞയുടേയും കാമ്പില്ലാത്ത വാദം നിരർത്ഥകമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനാണ് വില; പുറന്തോടിനല്ല. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. മരണം എപ്പോൾ വന്നെത്തുമെന്ന് ആർക്കും അറിയില്ല. പക്ഷേ അത് സുനിശ്ചിതമാണ്. കേവലം വാദത്തിൽ ഒരിക്കലും തൃപ്തനായിരിക്കരുത്. സന്തോഷിക്കുകയുമരുത്. മനുഷ്യൻ തന്നിലേക്ക് നിര

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 19 August 2021 Issue-33

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

വധി മരണം വരിക്കാത്തിടത്തോളം അത് ഫലം ചെയ്യുന്ന വസ്തുവല്ല. അനേകം മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്ത് വരാത്തിടത്തോളം അവന്‍ മനുഷ്യത്വത്തിന്റെ യഥാര്‍ത്ഥ ഉദ്ദേശ്യത്തെ പ്രാപിക്കുകയുമില്ല.

**ഇന്‍സാന്‍ എന്നതിന്റെ അര്‍ത്ഥം**

'ഇന്‍സാന്‍' എന്ന പദം വാസ്തവത്തില്‍ 'ഉന്‍സാന്‍' എന്ന പദത്തില്‍നിന്ന് എടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ രണ്ട് യഥാര്‍ത്ഥമായ സ്നേഹം കുടികൊള്ളുന്നത് അതാണ് 'ഉന്‍സാന്‍'. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം. രണ്ടാമത്തേത് സമസൃഷ്ടികളോടുള്ള സ്നേഹം. ഈ രണ്ട് സ്നേഹവും അവനില്‍ ഉണ്ടാകുമ്പോഴാണ് അവന്‍ മനുഷ്യന്‍ എന്ന് പറയപ്പെടുന്നത്. ഇതുതന്നെയാണ് മനുഷ്യന്റെ കാമ്പ് എന്നു പറയപ്പെടുന്നതും ഈ സ്ഥാനത്ത് മനുഷ്യന്‍ ഉലുല്‍ അല്‍ബാബ് - ബുദ്ധിമാന്‍ എന്നും പറയപ്പെടുന്നു. ഇതില്ലെങ്കില്‍ അവന്‍ ഒന്നുമല്ല. ആയിരക്കണക്കിന് വാദം പുറപ്പെടുവിച്ചാലും അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടേയും അവന്റെ നബിയുടേയും പക്കല്‍ അതെല്ലാം പൊള്ളയായിരിക്കും.

**നബിയുടെ മാതൃക**

മനുഷ്യരെല്ലാം മാതൃകയെ ആശ്രയിക്കുന്നവരാണെന്ന കാര്യം ഓര്‍ക്കേണ്ടതാണ്. ആ മാതൃക പ്രവാചകന്മാരാണ്. മരങ്ങളില്‍പോലും ദൈവവചനം എഴുതിപ്പിടിപ്പിക്കാന്‍ ശക്തിയുള്ളവനാണ് അല്ലാഹു. എന്നാല്‍, അവന്‍ പ്രവാചകന്മാരെ നിയോഗിച്ചു. അവര്‍ മുഖേന ദൈവവചനം ഇറക്കി. അതിന്റെ രഹസ്യം അല്ലാഹുവിന്റെ തേജസ്സിനെ മനുഷ്യന്‍ കാണുക എന്നതായിരുന്നു. അത് വെളിപ്പെടുന്നത് പ്രവാചകന്മാരിലൂടെയാണ്.

**പ്രവാചകന്മാര്‍ ഈശ്വരതയുടെ പ്രതീകങ്ങള്‍**

പ്രവാചകന്മാര്‍ ഈശ്വരതയുടെ പ്രതീകങ്ങളും ദൈവത്തെ പ്രദര്‍ശിപ്പിക്കുന്ന വ്യക്തികളുമാണ്. യഥാര്‍ത്ഥ മുസല്‍മാനും വിശ്വാസിയും ആയിട്ടുള്ളവരാകട്ടെ, പ്രവാചകന്മാരുടെ പ്രതീകങ്ങളുമാണ്. ഈ രഹസ്യം സ്വഹാബത്ത് നലവണ്ണം മനസ്സിലാക്കിയിരുന്നു. അവര്‍ നബി (സ) തിരുമേനിയുടെ അനുസരണത്തില്‍ തങ്ങളില്‍ യാതൊന്നും അവശേഷിക്കാത്തവിധം ലയിച്ചു. ആ ലയനലോകത്താണ് അവരെ സര്‍വ്വരും കണ്ടിരുന്നത്. ഓര്‍ക്കുക, ആദരീണയമായ സ്വഹാബിമാരില്‍ ഉണ്ടായിരുന്നതുപോലുള്ള ലയനവും അനുസരണവും ആത്മപരിത്യാഗവും ഇക്കാലത്തും ഉണ്ടാകുന്നില്ലെങ്കില്‍ ശിഷ്യഗണങ്ങളിലും വിശ്വാസികളിലും തങ്ങളും പ്രവേശ്ച്ചിരിക്കുന്നുവെന്നുള്ള വാദം നിരര്‍ത്ഥകമാണ്. അല്ലാഹു നിങ്ങളില്‍ കുടിയിരിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങള്‍ നിങ്ങളില്‍ പ്രദര്‍ശിപ്പിക്കപ്പെടുകയും ചെയ്യാത്തിടത്തോളം സാത്താനികശക്തിയുടെ സ്വാധീനം നിങ്ങളില്‍ പ്രകടമാകുമെന്ന കാര്യം നിങ്ങള്‍ നല്ലവണ്ണം ഓര്‍ത്തുകൊള്ളുക.

**രണ്ടുതരം ക്ഷണം**

കളവ്, ക്രമരാഹിത്യം, കുടിലവിചാരം, കൊലപാതകം, ലൗകികാസക്തി, ദുരഹങ്കാരം തുടങ്ങിയ അധമമാര്‍ഗ്ഗങ്ങളിലേക്ക് ശയ്ത്വാന്‍ ക്ഷണിക്കുന്നു. അല്ലാഹു ക്ഷണിക്കുന്നതാകട്ടെ, സല്‍സ്വഭാവം, സഹനം, അല്ലാഹുവിലേക്കുള്ള ലയനം, ആത്മാര്‍ത്ഥത, സത്യവിശ്വാസം, ജീവിതവിജയം എന്നിവയിലേക്കാണ്. ഈ രണ്ടു ക്ഷണങ്ങളുടേയും ഇടയ്ക്കാണ് മനുഷ്യനുള്ളത്. പിന്നെ സല്‍പ്രകൃതിയും സൗഭാഗ്യത്തിന്റെ ബീജവും കുടിക്കൊള്ളുന്ന വ്യക്തി, ശയ്ത്വാന്റെ ആയിരക്കണക്കിന് ക്ഷണവും പ്രലോഭനവും ഉണ്ടായാലും സല്‍ബീജത്തിന്റെ ഗുണംകൊണ്ട് അല്ലാഹുവിലേക്കുതന്നെ ഓടിച്ചെല്ലുന്നു. തന്റെ സുഖവും സംതൃപ്തിയും സമാധാനവും അവനില്‍നിന്നു തന്നെ അവന്‍ പ്രാപിക്കുകയും ചെയ്യുന്നു.

**സത്യവിശ്വാസത്തിന്റെ സ്വാധീനം**

ഓരോ വസ്തുവിനും ഓരോ അടയാളമുണ്ട്. സല്‍പ്രകൃതിയുള്ള മനുഷ്യനില്‍ അതിന്റെ അടയാളം കാണുന്നില്ലെങ്കില്‍ അവനെ വിശ്വസിക്കാന്‍ പറ്റുകയില്ല. മരുന്നുകള്‍ വൈദ്യന്‍ തിരിച്ചറിയുന്നു. ഔഷധചെടികളില്‍ ദീര്‍ഘമായ പരീക്ഷണനിരീക്ഷണങ്ങള്‍ക്കുശേഷം കണ്ടെത്തിയ ഗുണവിശേഷങ്ങള്‍ കാണുന്നില്ലെങ്കില്‍ ഒന്നിനും കൊള്ളാത്തവസ്തുവെന്നപോലെ വൈദ്യന്‍ അതെടുത്തു എറിഞ്ഞുകളയും. ഇപ്രകാരംതന്നെ സത്യവിശ്വാസത്തിനും അടയാളങ്ങളുണ്ട്. അല്ലാഹു തന്റെ ഗ്രന്ഥത്തില്‍ പല ആവര്‍ത്തി ഇതു വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യനില്‍ ഈമാന്‍ - സത്യവിശ്വാസം പ്രവേശിച്ചു കഴിഞ്ഞാല്‍ അതിനോടൊപ്പം അല്ലാഹുവിന്റെ മഹത്വവും അതായത് പരിശുദ്ധമായ പ്രതാപവും ശാക്തികമായ പ്രഭാവവും അതിനേക്കാളുപരി **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന യഥാര്‍ത്ഥമായ കാമ്പും പ്രവേശിക്കുന്നു. എത്രത്തോളമെന്നാല്‍, അല്ലാഹുതആല അവനില്‍ കുടിയിരിക്കാന്‍ തുടങ്ങുന്നു. സാത്താനിക ജീവിതത്തിന് മരണം സംഭവിക്കുന്നു. പാപപ്രകൃതി നശിച്ചോടുങ്ങുന്നു. പുതിയൊരു ജീവിതത്തിന് സമാരംഭം കുറിക്കുന്നു. അത് റഹ്മാനിയായ - ദിവ്യമായ ജീവിതമാണ്. അല്ലെങ്കില്‍ അല്ലാഹുവിന്റെ തിരുസന്നിധിയില്‍ പിറന്നുവീണ ആദ്യ ദിവസം എന്നു പറയാം. പൈശാചിക ജീവിതത്തിന് മരണം സംഭവിക്കുമ്പോള്‍ ആത്മീയ ജീവിതം പിറക്കുന്നു. കുട്ടി പിറക്കുന്നതുപോലെ.

**ഇസ്ലാമിന്റെ ദൈവം**

ഈ ജനനത്തിലേക്ക് സൂചന നല്കിക്കൊണ്ട് വിശുദ്ധ ഖുര്‍ആനിലെ ഫാതിഹാ എന്ന അധ്യായത്തില്‍ അല്ലാഹു പറയുന്നു:

സര്‍വ്വലോക പരിപാലകനായ (റബ്ബ്) അല്ലാഹുവിനാകുന്നു. സര്‍വ്വസ്തുതിയും പരമകാരുണികന്‍(റഹ്മാന്‍) കരുണാമയന്‍ (റഹീം) പ്രതിഫലം നല്കപ്പെടുന്ന നാളിന്റെ ഉടമസ്ഥന്‍ (മാലിക്ക്).

അല്ലാഹു തന്നെയാണ് ഈ നാല് ഗുണവിശേഷങ്ങളും വിവരിച്ചിട്ടുള്ളത്. അതായത് സകലസ്തുതിയും അടങ്ങിയിട്ടുള്ളവനാണ് അല്ലാഹു. അവനില്‍ അടങ്ങിയിട്ടില്ലാത്ത എന്തെങ്കിലും ഒരു ഗുണം വേറെയുണ്ട് എന്ന് വിചാരിക്കാനേ സാധ്യമല്ല. എന്നുമാത്രമല്ല, ഔദാര്യവാനായ അല്ലാഹുവില്‍ അന്തര്‍ലീനമായിരിക്കുന്ന സ്തുതികളും ഗുണവിശേഷങ്ങളും മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താനും സാധ്യമല്ല. ലോകത്തിന് ഇസ്ലാം സമര്‍പ്പിച്ചിട്ടുള്ള ദൈവം ഒന്നുമാത്രമാണ് പരിപൂര്‍ണ്ണനും സത്യസ്വരൂപനുമായവന്‍. അതുകൊണ്ട് വിശുദ്ധഖുര്‍ആന്‍ അല്‍ഹംദുലില്ലാഹി എന്ന പദങ്ങളോടെ സമാരംഭിച്ചു. എന്തെങ്കിലും ന്യൂനതകളുള്ള ദൈവങ്ങളെയാണ് മറ്റുള്ള ജനതകളും ഗ്രന്ഥങ്ങളും സമര്‍പ്പിക്കുന്നത്. ചില ദൈവങ്ങള്‍ക്ക് കൈകളില്ല. ചിലതിന് ചെവികളില്ല. ചില ദൈവങ്ങള്‍ ഊമകളാണ്. ചുരുക്കിപറഞ്ഞാല്‍ എന്തെങ്കിലും ന്യൂനതയോ രോഗമോ അവയ്ക്കുണ്ട്. ഉദാഹരണത്തിന്, ക്രിസ്ത്യാനികള്‍ ഉണ്ടാക്കിവെച്ചിരിക്കുന്ന ദൈവം. 1900 വര്‍ഷം ഈ കൃത്രിമദൈവത്തില്‍ അവര്‍ കഴിഞ്ഞുകടന്നു. ഇതുമില്ലായിരുന്നെങ്കില്‍ അവരുടെ കൈയില്‍ ഒന്നും അവശേഷിക്കുമായിരുന്നില്ല. ഇപ്പോഴും ഈ മതം വെറുമൊരു അസഭ്യ കാര്യത്തിലാണ് നിലനില്‍ക്കുന്നത്. മസീഹിനെ ദൈവമാക്കുന്ന ഇക്കൂട്ടര്‍ക്ക് അല്പം ലജ്ജയുണ്ടായിരുന്നെങ്കില്‍ ഈ തത്ത്വം അംഗീകരിക്കുമായിരുന്നില്ല. ഒരു സ്ത്രീയുടെ ഉദരത്തില്‍നിന്ന് സാധാരണനിലയില്‍ പിറന്നുവീണ ദുര്‍ബലനും, നിരാലംബനും, തിന്നാനും കുടിക്കാനും മറ്റുള്ളവരെ ആശ്രയിക്കുന്നവനും, മലമൂത്ര വിസര്‍ജ്ജനം നടത്തുന്നവനും, അങ്ങനെ മനുഷ്യന്‍ ആവശ്യമായ എല്ലാ കാര്യങ്ങളുടേയും തടവുകാരനുമായ ഒരു കുട്ടി, സര്‍വനിയന്താവായ ദൈവമായി മാറുന്നതെങ്ങനെ? അവര്‍ ചിന്തിച്ചിരുന്നെങ്കില്‍! ഹൈന്ദവരുടെ ഭാവനയില്‍ ഗംഗയുടെ വെള്ളത്തില്‍ സത്തും അനുഗ്രഹവുമുണ്ട്. വാസ്തവത്തില്‍ സാധാരണമായ ഒരു നദിയാണത്. മറ്റു നദികളിലെന്നപോലെ തവളയും ആമയും അതിലുമുണ്ട്. ശവത്തിന്റെ എല്ലുകള്‍ അതിലെറിയുകയും ചെയ്യുന്നു. എന്നിട്ടും ഗംഗാജലം പരിശുദ്ധമാണെന്ന് അവര്‍ വിശ്വസിക്കുന്നു. അതിനുള്ള തെളിവെന്താണ് അവരോട് ചോദിച്ചാല്‍ തന്റെ ഹൃദയത്തില്‍ തെളിവുണ്ടെന്നായിരിക്കും അവര്‍ പറയുക. അതു വിവരിക്കാന്‍ സാധ്യമല്ലത്രെ! അപ്രകാരം തന്നെയാണ് ആര്യസമാജക്കാര്‍ പരമേശ്വരനെ ലോകത്തിന്റെ മുമ്പില്‍ സമര്‍പ്പിക്കുന്നത്. അവരുടെ പക്കല്‍ ഒരു 'മേസ്തിരി' അല്ലെങ്കില്‍ ശില്പിയെക്കാള്‍ വലുതല്ല ദൈവം. കാരണം പരസ്പരം കൂട്ടിയോജിപ്പിക്കുക എന്ന പണിയല്ലാതെ സൃഷ്ടിപ്പിന്റെ ഉദാത്തമായ പ്രക്രിയയില്‍ പങ്കില്ലാത്തവനാണ് ദൈവം. ആത്മാക്കളിലോ പരമാണുക്കളിലോ അവന് നിയന്ത്രണമൊന്നുമില്ല. എന്തുകൊണ്ടെന്നാല്‍ അവന്‍ അവയെ സൃഷ്ടിച്ചിട്ടില്ല. തന്റെ ഭക്തദാസര്‍ക്ക് മോക്ഷം നല്കാനും അവന് സാധിക്കുകയില്ല. അങ്ങനെയായാല്‍ ആ വ്യവസായശാല മുഴുവന്‍ തകിടം മറിഞ്ഞു പോകും. കൈവിട്ടുപോകും. അവരുടെ ദൈവം തന്റെ ആത്മാര്‍ത്ഥദാസന്റെ പ്രാര്‍ത്ഥനയും കേള്‍ക്കുകയില്ല. ആര്‍ക്കെങ്കിലും എന്തെങ്കിലും അനുഗ്രഹം നല്കാനും അവന് സാധ്യമല്ല. കാരണം, അവന്‍ എന്ത് ആര്‍ക്ക് നല്കിയാലും അതെല്ലാം അവരുടെ കര്‍മഫലമാണ്. ചുരുക്കത്തില്‍, ഓരോ കൂട്ടരും ദൈവത്തെ ലോകത്തിന് സമര്‍പ്പിക്കുന്നതു കാണുമ്പോള്‍ ലജ്ജ തോന്നുന്നു. യഥാര്‍ത്ഥ ശ്രേഷ്ഠതയും മാന്യതയും ഇസ്ലാമിനു മാത്രമാണ്. അതായത് ഇസ്ലാം വിഭാവന ചെയ്യുന്ന ദൈവത്തെ വിശ്വസിക്കുന്നവര്‍ ഒരിടത്തും നാണം കെടുകയില്ല. അവന്‍ പരിപൂര്‍ണ്ണനായ ദൈവത്തിന്റെ തുലാസിന്റെ തട്ടാണ് പിടിച്ചിട്ടുള്ളത്. പരിപൂര്‍ണ്ണത നേടിയവര്‍ ദൈവികസന്നിധിയിലെത്തുകയും ചെയ്യും.

*(അല്‍ഹക്കം, വാള്യം 5, നമ്പര്‍ 1, പേജ് 2 - 4. 1901 ജനുവരി 10 മല്‍ഫൂസാത്ത് വാള്യം 2. പേജ് 163 - 171)*

❖❖❖

**ദാറുസ്സ്വനാഅത്ത് ഖാദിയാന്‍**
Ahmadiyya Vocational
(Technical)
Training Centre, Qadian

**പ്രവേശനനം ആരംഭിച്ചിരിക്കുന്നു.**
**സാങ്കേതികവിദ്യകള്‍ പഠിക്കാന്‍ ആഗ്രഹിക്കുന്ന യുവാക്കള്‍ അപേക്ഷിക്കുക.**

**ഖാദിയാനിലെ ദാറുസ്സ്വനാഅത്തില്‍ സാങ്കേതിക ശാസ്ത്ര ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നുവെന്ന വിവരം എല്ലാ അഹ്മദിയുവാക്കളേയും അറിയിക്കുകയാണ്. ഈ സ്ഥാപനത്തില്‍ ഇലക്ട്രീഷ്യന്‍/പ്ലംബിംഗ്/ഡീസല്‍ മെക്കാനിക്/**Motor Vehicle Mechanic/ AC & Refrigerator/ **കമ്പ്യൂട്ടറിന്റെ ഒരു വര്‍ഷത്തെ കോഴ്സ് ചെയ്യിക്കുന്നു. പഠിക്കാനാഗ്രഹിക്കുന്ന യുവാക്കള്‍ എത്രയും വേഗം താഴെ കാണുന്ന നമ്പറുകളില്‍ ബന്ധപ്പെടുക.**

**ഫോണ്‍നമ്പര്‍:** 8077546198
9872725895
9872923363

**ഈമെയില്‍:**
darulsanaat.qadian @gmail .com
**(പ്രിന്‍സിപ്പാള്‍ ദാറുസ്സ്വനാഅത്ത് ഖാദിയാന്‍)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin